ലിറ്റിൽ കൈറ്റ്സ്
2018-2019

little KITEs

# നവതരംഗ

2018-2019



St.John De Britto's A.I.H.S, Fort Kochi

# ഡിജിറ്റൽ മാഗസിൻ

## ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം

### സെന്റ് ജോൺ ഡി ബ്രിട്ടോ ആംഗ്ലോ ഇന്ത്യൻ ഹൈസ്കൂൾ, ഫോർട്ടുകൊച്ചി

# ആശംസയോടെ

സർഗ്ഗാത്മകതയുടെ നാമ്പുകൾ മുളപൊട്ടുന്നത് വിദ്യാലയ ജീവിതത്തിലാണ്. കുപ്പയിൽ മാണിക്യമെന്നപോലെ, ഉലയിൽ സ്വർണമെന്നപോലെ, പലരിലും മയങ്ങിക്കിടക്കുന്ന പ്രതിഭാ ശേഷി ആവിഷ്കരിക്കുവാനുള്ള ഉത്തമ വേദിതന്നെയാണ് കൂട്ടായ്മയുടെ സൃഷ്ടിയായ മാസികകൾ.ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാസിക തയ്യാറാക്കാനുള്ള അവസരം കുട്ടികൾക്ക് ലഭിച്ചത്എന്തുകൊണ്ടും ശ്ലാഘനീയം തന്നെയാണ് . ഏറെ യാതനകൾ സഹിച്ചും പരിമിതികൾ മറികടന്നും രൂപീകൃതമായ **നവതരംഗത്തിന്റെ** അണിയറശില്പികൾക്ക് അഭിനന്ദനങ്ങൾ...... നിങ്ങൾ കൊളുത്തിയ കെടാവിളക്ക് സർഗ്ഗാത്മകതയുടെ പുത്തൻനാമ്പുകൾക്ക് മാർഗ്ഗദീപമാവട്ടെ.........



ഷേർളി ആഞ്ചലോസ്

ഹെഡ്മിസ്ട്രസ്സ്

# എഡിറ്റോറിയൽ

## ഒരു നിമിഷം..........

ഇതിൽ പ്രപഞ്ചത്തിന്റെ പൂർണ്ണതയില്ല.....
ആകാശത്തിന്റെ നീലിമയോ.. കടലിന്റെ
നിഗൂഢതയോ.. വാനമ്പാടിയുടെ ഈണമോ..
അവകാശപ്പെടുന്നേയില്ല... നീർച്ചാലുപോലെ വാക്കുകൾ
ഒഴുകുമ്പോൾ പോരായ്മകൾ സ്വാഭാവികം.....
എന്നാലും ലിറ്റിൽ കൈറ്റ്സിന്റെ നവസംരംഭത്തിന്
മിഴിവേകാൻ ബ്രിട്ടോയുടെ നവതരംഗത്തിന് കഴിയട്ടെ..

ചാരിതാർഥ്യത്തോടെ
എഡിറ്റർ

# താളുകൾ മറിയുമ്പോൾ



വായനയുടെ പ്രാധാന്യം.......7
മലയാളത്തില പ്രസിദ്ധമായ ആത്മകഥാ ഗ്രന്ഥങ്ങൾ.......10
അതിജീവനത്തിന്റെ കേരളം.......11
കണ്ണീരിന്റെ കേരളം.......13
കിട്ടനെ പറ്റിച്ചു.......14
നക്ഷത്രക്കുഞ്ഞുങ്ങൾ.......15
അമ്മയുടെ ഉണ്ണി.......16
സാലിം അലി.......17
വലയിൽ അകപ്പെട്ട പ്രാവ്.......18
മഹദ് വചനങ്ങൾ.......19
പഴഞ്ചൊല്ലുകൾ.......21
കൊച്ചിയിലൂടെ.......23
വള്ളത്തോൾ നാരായണമേനോൻ.......25
പാതയിലെ വെളിച്ചം.......26
നുറുങ്ങുകൾ.......28
പൂമ്പാറ്റ.......30
കടങ്കഥകൾ.......31
പുസ്തക ലോകം.......32
കടങ്കഥകൾ.......33
മത സന്ദേശങ്ങൾ.......34
പഴഞ്ചൊല്ലുകളും അവയുടെ വിശദീകരണങ്ങളും.......35
ജവഹർലാൽ നെഹ്റു.......36
സഹായിയായ അനീഷ്.......38
പൂവ്.......39
കടങ്കഥകൾ.......40
യാത്രാ വിവരണം.......41
പ്രകൃതിസ്നേഹം.......43
സി. വി. രാമൻ.......44
പഴഞ്ചൊല്ലുകൾ.......46
നന്മ മരം.......47
ഭൂമി.......48
ഓണത്തല്ല്.......49
മഴ.......50
അമ്മ.......51

ഗാന്ധിജി നമ്മുടെ രാഷ്ട്രപിതാവ്......54
വാദ്യങ്ങൾ......55
മാലിന്യ-വിമുക്ത കേരളം......59
പൂച്ചക്കുട്ടി......61
സംസ്ക്കാരത്തിന്റെ അടിത്തറ......62

# English Section

MY TEACHER......64
Plastic Pollution Facts......65
MATHEMATICAL BEAUTY......66
A friend in need is a friend indeed......67
A tribute to the memory of the father......68
The Fish......69
THE BIBLE AND MATHEMATICS......70
We're The World......73
Some Interesting facts on Nature......74
The turmoil of life......76
Music......77
"Our history, Our pride,......78
The Trip To Kuttanad......81

# വായനയുടെ പ്രാധാന്യം



"വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ച വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും"

കവി കുഞ്ഞുണ്ണി മാഷിന്റെ
വാക്കുകൾ അർത്ഥപൂർണമാണ്.

വായന വ്യക്തി വികാസത്തിൽ ചെലുത്തുന്ന സ്വാധീനമാണ് കവി വ്യക്തമാക്കുന്നത് . സമൂഹജീവി എന്ന നിലയിൽ ഏറെ പുരോഗതി നേടിയ മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയിൽ പുസ്തകങ്ങൾക്കുള്ള സ്ഥാനം ഏറെ വലുതാണ്. വായനയാണ് ഒരുവനെ പൂർണനാക്കുന്നത്. അറിവിന്റെ വിശാല ലോകത്തിലേക്കു മനുഷ്യന് പ്രവേശനം നൽകുന്നത് പുസ്തകങ്ങളാണ്. ഈ അർത്ഥത്തിലാണ് പുസ്തകങ്ങൾ മനുഷ്യന്റെ ഗുരുവും സ്നേഹിതനുമാണെന്ന് പറയുന്നത്. പുസ്തകങ്ങൾ നമ്മെ ആനന്ദിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു.

നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്ന വിശിഷ്ട വ്യക്തികളുടെ പ്രതിഭാ വിലാസങ്ങൾ ഇന്നു നമ്മുടെ മുന്നിൽ തുറന്നിടുന്ന

നിധികളാണ് പുസ്തകങ്ങൾ. അവയുടെ ചിന്തകളും അവർ നേടിയ അറിവും ഗ്രന്ഥങ്ങളിലൂടെ നമുക്കു ലഭിക്കുന്നു. മനുഷ്യവർഗ്ഗം നേടിയ അറിവു മുഴുവൻ രേഖപ്പെടുത്തി വെച്ചിരിക്കുന്നത് പുസ്തകങ്ങളിലാണ്. ബുദ്ധി വികാസത്തിനും മാനസിക ഉണർവിനും ഗ്രന്ഥ പാരായണം വഴിയൊരുക്കുന്നു. ആനുകാലികങ്ങളുടെ പാരായണം ഗൗരവപൂർണമായ വായനയിൽ താത്പര്യം ജനിക്കാൻ സഹായിക്കുന്നതാണ്

അനുഭവങ്ങളിൽ നിന്നും ലഭിക്കുന്ന അറിവുകൾ വലുതാണ്. പക്ഷെ എല്ലാത്തരത്തിലുമുള്ള അനുഭവങ്ങൾ ഓരോ വ്യക്തിക്കും, ഉണ്ടാവുകയില്ല. പലരുടെ വ്യത്യസ്തങ്ങളായ അനുഭവങ്ങൾ ഉത്തമഗ്രന്ഥങ്ങളുടെ പാരായണത്തിലൂടെ നമുക്കും ലഭിക്കുന്നു. മാത്രമല്ല ബുദ്ധിവികാസവും മാനസിക ഉണർവും ഗ്രന്ഥപാരായണത്തിലൂടെ ലഭിക്കും.

ഗ്രന്ഥങ്ങൾ പലതരമുണ്ട്. സാഹിത്യ ഗ്രന്ഥങ്ങളും മഹാന്മാരുടെ ജീവിതചരിത്രങ്ങളും ആത്മ കഥകളും മറ്റും. പിന്നിലേക്ക് നോക്കി പഠിക്കുന്നതിന് ഏറ്റവും സഹായകരമാകുന്നത് ജീവചരിത്രഗ്രന്ഥങ്ങളാണ്.ശാസ്ത്ര ഗ്രന്ഥങ്ങൾ അറിവിന്റെ വിശാലലോകം നമുക്കു മുന്നിൽ തുറന്നു തരുന്നു.

ഇന്ന് പത്രമാധ്യമങ്ങളും റേഡിയോയും ടെലിവിഷനും ഇന്റർനെറ്റുമെല്ലാം അറിവിന്റെ പ്രചാരണത്തിന് ഏറെ സഹായകമാവുന്നുണ്ട്. പക്ഷെ അറിവിന്റെയും അനുഭൂതിയുടെയും വ്യാപനത്തിന്ന് ഇന്ന് ഏറ്റവും സഹായകമായിട്ടുള്ളത് പുസ്തകങ്ങളാണ് അദ്ധ്യാപകനിൽ നിന്നും മറ്റുമാധ്യമങ്ങളിൽ നിന്നും ലഭിക്കുന്ന അറിവും പരിമിതമാണ് . വായിക്കാനായി പുസ്തകങ്ങൾ തെരെഞ്ഞെടുക്കുന്നതും നാം ശ്രദ്ധിക്കണം. ധാരാളം പുസ്തകങ്ങൾ വായിച്ചുതള്ളുന്നതിലും നല്ലത് കുറച്ച് നല്ല പുസ്തകങ്ങൾ വായിക്കുന്നതാണ്.

വായനശീലം വളർത്തിയെടുത്താൽ  വിദ്യാഭ്യാസ പ്രക്രിയ പാതി വിജയിച്ചു കഴിഞ്ഞു. വായനയിലൂടെ ലഭിക്കുന്ന അറിവിനു പരിധിയില്ല. ഗാന്ധിജിയും, എബ്രഹാം ലിങ്കണും എല്ലാം വായിച്ചു വളർന്നവരാണ്.

ഇവരുടെ ജീവചരിത്രം ശ്രദ്ധിച്ചാൽ ഇക്കാര്യം മനസ്സിലാക്കാം. സംസ്കാര സമ്പന്നമായ ഒരു തലമുറയെ സൃഷ്ടിക്കുന്നതിൽ ഗ്രന്ഥങ്ങൾ വഹിക്കുന്ന പങ്ക് വലുതാണ്. സംസ്കാരത്തിന്റെ വ്യാപനത്തിനും ചിന്തയുടെ വികാസത്തിനും ഗ്രന്ഥപാരായണം വഴിയൊരുക്കുന്നു.



Inzam T.B
XD

# മലയാളത്തിലെ പ്രസിദ്ധമായ ആത്മകഥാ ഗ്രന്ഥങ്ങൾ

| ആത്മകഥ | എഴുത്തുകാരൻ |
|---|---|
| എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ | -മഹാത്മാഗാന്ധി |
| കവിയുടെ കാല്പാടുകൾ | -പി.കുഞ്ഞിരാമൻ നായർ |
| എതിർപ്പ് | -പി.കേശവദേവ് |
| ഓർമ്മയുടെ ഓളങ്ങൾ | -ജി.ശങ്കരക്കുറുപ്പ് |
| തുടിക്കുന്ന താളുകൾ | -ചങ്ങമ്പുഴ കൃഷ്ണപിള്ള |
| കൊഴിഞ്ഞ ഇലകൾ | -ജോസഫ് മുണ്ടശ്ശേരി |
| ഓർമ്മയുടെ അറകൾ | -ബഷീർ |

കണ്ണീരും കിനാവും
-വി.ടി.ഭട്ടതിരിപ്പാട്





Ali Ehlas
VIII A

# അതിജീവനത്തിന്റെ കേരളം

കേരളം കണ്ട മഹാപ്രളയമാണ് നാം ഈ വർഷത്തിൽ കണ്ടത്. 1924 ന് ശേഷമാണ് കേരളത്തിൽ ഇത്ര വലിയ പ്രളയം ഉണ്ടാകുന്നത്. അതായത് ഒരു നൂറ്റാണ്ടിന് ശേഷം. കേരളം ഇപ്പോഴും അതിജീവനത്തിന്റെ വക്കിലാണ്.


കേരളത്തിൽ പതിനായിരം കിലോമീറ്ററോളം റോഡുകളും,ആയിരത്തിലധികം ഹെക്റ്ററിലധികം കൃഷിയും നശിച്ചു. കുറേയധികം കുടുംബങ്ങളുടെ വീടുകളും നഷ്ടപ്പെട്ടു. അങ്ങനെ വളരെയധികം നാശനഷ്ടങ്ങൾ ഈ പ്രളയത്തിലൂടെ ഉണ്ടായി. രക്ഷാപ്രവർത്തനം നല്ല രീതിയിൽ നടന്നു അതുകൊണ്ട് മരണസംഖ്യ വലിയ രീതിയിൽ ഉയർന്നില്ല.

മത്സ്യത്തൊഴിലാളികളും കരസേനയുമാണ് രക്ഷാപ്രവർത്തനത്തിന് ആദ്യം രംഗത്തിറങ്ങിയത്. ചെങ്ങന്നൂർ, കുട്ടനാട്, റാന്നി, പന്തളം, ആലുവ എന്നീ സ്ഥലങ്ങളിൽ പ്രളയം വലിയ തോതിൽ നാശം വിതച്ചു.

നവകേരളത്തിനായി നമുക്ക് ഒന്നായി

പോരാടാം. സർക്കാർ നമുക്ക് വളരെയധികം സജ്ജീകരണങ്ങൾ ഉണ്ടാക്കിത്തന്നു. ജാതി, മതം, ദൈവം എന്നിവയില്ലാതെ നാം മനുഷ്യരാണെന്ന

ബോധ്യത്തോടെ ഏത് ദുരിതവും നേരിടണം. മത്സ്യത്തൊഴിലാളികളെയും രക്ഷാപ്രവർത്തനത്തിന് ഏർപ്പെട്ടവരെയും നമ്മുക്ക് നന്ദിയോടെ ഓർക്കാം.





Farhan V.A


IX B

# കണ്ണീരിന്റെ കേരളം



ഒഴുകി ഒഴുകി......
കേരളമാകുന്ന കേരളമെല്ലാം
പ്രളയത്തിൻ തീ ജ്വാലയിൽ
ജാതി മതം എന്നില്ലാതെ
കുട്ടികൾ,പ്രായമായവർ എന്നില്ലാതെ
പ്രളയം കവർന്നെടുത്ത
ആ മഹാ ദുരന്തയാമം.

എങ്കിലും തളർന്നില്ല നാം
പൊരുതി നാം ഒറ്റക്കെട്ടായി.
വെളുത്തവൻ കറുത്തവൻ
എന്നില്ലാതെ
കാശുള്ളവൻ കാശില്ലാത്തവൻ
എന്നില്ലാതെ
ഇന്ന് നാം
പൊരുതി നേടിയ
ഈ വിജയം,
സ്നേഹത്തിന്റേതാണ്
സ്നേഹത്തിന്റെ കെട്ടുറപ്പിന്റെതാണ്.



Abdulla Nizar Ahamed
IX B

# കിട്ടനെ പറ്റിച്ചൂ

മഹാകൊതിയനായിരുന്ന കിട്ടൻ പൂച്ച. ഒരിക്കൽ അവനൊരു എലിയെ പിടികൂടി. പേടിച്ച് വിറച്ച എലി പറഞ്ഞു. ചേട്ടാ എന്റെയൊരാഗ്രഹം സാധിച്ച തരണേ ...... എന്താടാ ആഗ്രഹം? കിട്ടൻ പൂച്ച ചോദിച്ച ഉറിയിൽ ഇരിക്കുന്ന പാൽപ്പായസം ഞാൻ ഇത്തിരി കുടിച്ചോട്ടേ ? പാൽപ്പായസമോ ? എങ്കിൽ എനിക്കും വേണം കിട്ടന്റെ വായിൽ വെള്ളമൂറി പക്ഷേ ഉറിയിൽ നിന്നും പായസം .. എങ്ങനെയെടുക്കും ? കിട്ടൻ പോദിച്ചു ഞാൻ കലത്തിനു തുളയിടാം അപ്പോൾ പായസം താഴെ വീഴുമല്ലോ എലി പറഞ്ഞു കിട്ടനു സന്തോഷമായി. എലി ഉറിയിൽ ചാടിക്കയറി. എന്നിട്ട് പറഞ്ഞു ചേട്ടൻ കണ്ണടച്ച് വാ പൊളിച്ചു നിന്നോ സൂത്രക്കാരനായ എലിവേഗം ഉറിയുടെ കയർ മുറിക്കാൻ തുടങ്ങി ബ്ധ്യം ! ഉറി കിട്ടന്റെ തലയിൽ വീണു ഈ തക്കത്തിൽ എലി ഓടി രക്ഷപ്പെട്ടു !



Salvin
IXB

# നക്ഷത്രക്കുഞ്ഞുങ്ങൾ

നക്ഷത്രക്കുഞ്ഞുങ്ങൾ ഞങ്ങൾ -നല്ല
നക്ഷത്രക്കുഞ്ഞുങ്ങൾ ഞങ്ങൾ
നിങ്ങളും പോരൂ കളിക്കാൻ -വന്ന
ഞങ്ങളോടൊപ്പമിരിക്കാൻ
വഴി ചൊല്ലാമിങ്ങു പോരാമോ നിങ്ങൾ
മഴവില്ലിലൂടെ വരാമോ  നിങ്ങൾ
മാനത്തു ചുറ്റി നടക്കാം - നീല
മേഘത്തിൽ കേറിയിരിക്കാം
നക്ഷത്രക്കുഞ്ഞുങ്ങൾ ഞങ്ങൾ - നല്ല
നക്ഷത്രക്കുഞ്ഞുങ്ങൾ ഞങ്ങൾ
എപ്പോഴും ഞങ്ങൾ ചിരിക്കും - നീല
മാനത്തെല്ലാരുമൊന്നിച്ചു നിൽക്കും



Nevin Antony
IX C

# അമ്മയുടെ ഉണ്ണി


മുറ്റത്ത് ഒറ്റയ്ക്കിരുന്ന് മണ്ണപ്പം ചുടുകയാണ് ഉണ്ണി. അപ്പുവേട്ടനും അമ്മുച്ചേച്ചിയും സ്കൂളിലേക്ക് പോയിരിക്കുന്നു. മുത്തശ്ശിക്കാണെങ്കിൽ കുറച്ചു ദിവസമായി തീരെ വയ്യ. അമ്മയ്ക്ക് എപ്പോഴും അടുക്കളയിൽ പണിതന്നെ. ഒറ്റയ്ക്ക് കളിച്ച് ഉണ്ണിക്ക് മടുത്തു. ഉണ്ണീ, ഉണ്ണീ അമ്മ വിളിക്കുകയാണ്. "ഞാൻ ഇവിടുണ്ട് അമ്മേ" ഉണ്ണിപറഞ്ഞു. "മുറ്റത്ത് നിന്നും എവിടേക്കും പോവരുതട്ടോ", "ഇല്ലമ്മേ" ഉണ്ണി മറുപടി കൊടുത്തു. ഇനി അമ്മ കുറച്ചു കഴിഞ്ഞേ വിളിക്കൂ, അവൻ തൊടിയിലേക്കിറങ്ങി. പൂക്കൾ തോറും പാറി നടക്കുന്ന പൂമ്പാറ്റകളെ കാണാൻ എന്ത് രസമാണ്, അവൻ അതിനെ പിടിക്കാൻ ശ്രമിച്ചു. ശലഭങ്ങളുടെ പിന്നാലെ നടന്ന് അവൻ കുളത്തിന്റെ കരയിലെത്തി. കടലാസുതോണിയുണ്ടാക്കി വെള്ളത്തിലിട്ടു കളിച്ചു. അപ്പോഴാണ് കൽപ്പടവിന്റെ അറ്റത്തുള്ള പുൽക്കൊടിമേലെയിരിക്കുന്ന തുമ്പിയെക്കണ്ടത്. പതുങ്ങിച്ചെന്ന് അതിനെപിടിക്കാൻ ശ്രമിച്ചപ്പോൾ കാൽ തെന്നി വെള്ളത്തിലേക്ക് വീണു. എവിടേ നിന്നോ അമ്മയുടെ കരച്ചിൽ കേൾക്കുന്നു. അവൻ കണ്ണുതുറന്നു. ഞാനെവിടെയാണ് കിടക്കുന്നത് ? ചുറ്റിലും നോക്കിയപ്പോൾ അതൊരു ആശുപത്രിയാണെന്ന് മനസ്സിലായി. എന്താണ് സംഭവിച്ചതെന്ന് അവൻ ഓർത്ത് നോക്കി. അച്ഛൻ അമ്മാവനോട് പറയുന്നത് കേട്ടു, "വയലിലെ പണി കഴിഞ്ഞ് കാൽ കഴുകാൻ വന്ന കോരൻ കണ്ടത് കൊണ്ട് രക്ഷപെട്ടു". അമ്മകരയണ്ട ഇനിയൊരിക്കലും ദൂരെയെങ്ങും പോകില്ല. അമ്മ ആശ്വാസത്തോടെ അവനെ വാരിയെടുത്തു.



Abdul Ahadh .K.H

VIII A

# സാലിം അലി



ഇന്ത്യയുടെ പക്ഷി മനുഷ്യൻ എന്നറിയപ്പെടുന്ന സാലിം അലി 1896 നവംബർ 12 ന് മുംബൈയിൽ ജനിച്ചു. ചെറുപ്പത്തിലെ പക്ഷിനിരീക്ഷണത്തിൽ താൽപര്യം നില നിന്നിരുന്നു. പക്ഷിനിരീക്ഷണ ശാസ്ത്ര ഗ്രന്ഥങ്ങളിൽ നിന്ന് വ്യത്യസ്തമായി ചിത്രങ്ങളോടുകൂടിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. 'ഫാൾ ഓഫ് എ സ്പാരോ'[കുരുവിയുടെ പതനം] എന്ന പേരിൽ ആത്മകഥയെഴുതി. 'ദ് ബുക്ക് ഓഫ് ഇന്ത്യൻ ബേഡ്സ്, ഹാന്റ് ബുക്ക് ഓഫ് ദ് ബേഡ്സ് ഓഫ് ഇന്ത്യ എന്റ് പാക്കിസ്ഥാൻ, ദ് ബേഡ്സ് ഓഫ് കേരള തുടങ്ങിയവയാണ് പ്രധാന പുസ്തകങ്ങൾ

ബ്രിട്ടിഷ് പക്ഷിശാസ്ത്ര സംഘടനയുടെ പുരസ്കാരം ഭാരതസർക്കാറിന്റെ പത്മശ്രീ, പത്മവിഭൂഷൻ തുടങ്ങി ഒട്ടേറെ ബഹുമതികൾ. 1985 ൽ രാജ്യസഭയിലേക്കു നാമനിർദേശം ചെയ്യപ്പെട്ടു. 1987 ജൂലൈ 27 ന് അന്തരിച്ചു. 1996 ൽ സാലിം അലിയുടെ സ്മരണാർഥം തപാൽ സ്റ്റാംപ് പുറപ്പെടുവിച്ചു.






Raphael Rodic Sebastian

IX D

# വലയിൽ അകപ്പെട്ട പ്രാവ്



വനത്തിൽ ഒരിടത്ത് കുറെ ധാന്യങ്ങൾ കണ്ട് സന്തോഷമോടെ പ്രാവുകൾ എത്തി കൊത്തിപ്പെറുക്കുവാൻ തുടങ്ങി.പെട്ടെന്ന് അവരുടെ മേൽ ഒരു വല വന്നു വീണു."ദൈവമേ ഇത് ഒരു വേടന്റെ വലയാണല്ലോ, അയാൾ ഇപ്പോൾ എത്തും, എല്ലാവരും അയാൾക്ക് ഇരയാകും"എല്ലാവരും കരഞ്ഞു. അവർക്കിടയിൽ ബുദ്ധിമതിയായ ഒരു പ്രാവുണ്ടായിരുന്നു .അവൾ പറഞ്ഞു "അപകടം വരുമ്പോൾ കരയുകയല്ല വേണ്ടത് ബുദ്ധിപൂർവ്വം ചിന്തിക്കണം ,ഒരുമിച്ചു നിന്നാൽ നമുക്ക് രക്ഷപ്പെടാം" അങ്ങനെ എല്ലാവരും ഒരുമിച്ച് നിന്ന് വലയിൽ നിന്നും പറന്നുയർന്നു....



Calvin Xavier
I B

# മഹദ് വചനങ്ങൾ

- നേരിട്ട കാണാൻ സാധിക്കാത്തതും എന്നാൽ എന്തിലും സാന്നിദ്ധ്യം വ്യക്തമാവുന്നതുമായ ഒന്നാണ് ദൈവം - മഹാത്മാഗാന്ധി

- മനുഷ്യരെ നിരീക്ഷിക്കാനും വിലയിരുത്താനും മാത്രം സമയം നീക്കി വെച്ചാൽ നമുക്കൊരിക്കലും അവരെ സ്നേഹിക്കാൻ സമയം കിട്ടില്ല - മദർതെരേസ.

- ലോകത്ത് എല്ലാ നേട്ടങ്ങളും പിറവിയെടുത്തത് നല്ല ചിന്തകളിൽ നിന്നാണ് - മാർട്ടിൻ ലൂഥർ കിംഗ്

- വാക്കിലും പ്രവർത്തിയിലും സത്യമുള്ളവനായി ജീവിച്ചാൽ ഈശ്വരനെ കണ്ടു എന്നു കരുതാം. സത്യമാണ് ദൈവം - പ്ലേറ്റോ

- മനുഷ്യനെയും ദൈവത്തെയും സന്നിവേശിപ്പിക്കുന്ന മധ്യസ്ഥനാണ് ഗുരു - ശ്രീരാമകൃഷ്ണ പരമഹംസൻ

- സ്ഥാനങ്ങളല്ല ഒരാളെ ബഹുമാനിതനാക്കുന്നത് ബഹുമാനിക്കപ്പെടുവാൻ പാകത്തിനുള്ള അയാളുടെ പെരുമാറ്റങ്ങളാണ്- അരിസ്റ്റോട്ടിൽ

- വിശ്വാസമാണ് ജീവിതത്തിന്റെ ശക്തി- ടോൾസ്റ്റോയി

- ചെറിയ പിഴവുകൾ പോലും അവഗണിക്കരുതേ. ചെറിയൊരു

വിള്ളലിന് വലിയൊരു കപ്പലിനെ മുക്കി കളയാൻ കഴിഞ്ഞേക്കും- ബഞ്ചമിൻ ഫ്രാങ്ക്ളിൻ.

- അധ്വാനം എല്ലാത്തിനെയും അതിജീവിക്കും -ഹോമർ

- സ്വന്തം അറിവില്ലായ്മയെക്കുറിച്ചാണ് ഒരാൾ ഏറ്റവും കൂടുതൽ അറിഞ്ഞിരിക്കേണ്ടത്- കൺഫ്യൂഷിയസ്

- ശാന്തമായ മനസ്സാണ് ആരോഗ്യമുള്ള ശരീരത്തിന്റെ കടിഞ്ഞാൺ- സൈറസ്

- പ്രവർത്തനവിജയം മാത്രമല്ല ദൈവാനുഗ്രഹമാണ് ജീവിതത്തെ നിയന്ത്രിക്കുന്നത് - സിസെറോ

- ഓരോ വീടും ഓരോ വിദ്യാലയമാണ്, മാതാപിതാക്കൾ അദ്ധ്യാപകരും -ഗാന്ധിജി

- ഉദ്ദേശ്യവും ലക്ഷ്യവുമില്ലാത്ത പരിശ്രമവും ധൈര്യവും അപൂർണ്ണമാണ് -ജോൺ.എഫ്.കെന്നഡി

- ഒരു വ്യക്തിയെ പരാജയപ്പെടുത്താൻ വളരെ എളുപ്പമാണ് അയാളെ വിജയിക്കുവാനാണ് പ്രയാസം -ഡോ.എ.പി.ജെ അബ്ദുൾ കലാം



Emmanuel Christy

VIII A

# പഴഞ്ചൊല്ലുകൾ

1.ഉപ്പുത്തിന്നവൻ വെള്ളം കുടിക്കും.

2.കുത്തുകൊണ്ട കാളയെപോലെ.

3.കരയ്ക്കിട്ട മീൻ പോലെ.

4.കിട്ടാത്ത മുന്തിരി പുളിക്കും.

5.മണ്ണും പെണ്ണും നന്നാക്കിയാൽ നന്നാകും.

6.മെല്ലെത്തിന്നാൽ മുള്ളും തിന്നാം.

7.അധികമായാൽ അമൃതും വിഷം.

8.കണ്ണടച്ചാലിരുട്ടാവില്ല.

9.ചെരുപ്പിനൊത്ത് കാല് മുറിക്കണം.

10.മിണ്ടാപ്പൂച്ചകലമുടക്കും.

11.അമ്മ തോട്ടുകടന്നാൽ മകൾ പുഴകടക്കും.

12.കാക്ക കുളിച്ചാൽ കൊക്കാകുമോ .

13.അട്ടേ പിടിച്ച് മെത്തേ കിടത്തിയാൽ കിടക്കോ.

14.ഒരു രാത്രിക്ക് ഒരു പകൽ.

15.ചത്ത കുട്ടിയുടെ ജാതകം നോക്കീട്ട് കാര്യമില്ല.

16.ചെമ്മീൻ തുള്ള്യാ മുട്ടോളം, പിന്നേം തുള്ള്യാ ചട്ടീല്.

17.കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം.

18.കുരക്കും പട്ടി കടിക്കില്ല.

19.മാപ്ലേന്റെ വാക്കും പഴേ ചാക്കും ഒരു പോലെ.

20.പുത്തൻ പെണ്ണ് പുരപ്പുറം ത്തുക്കും.

21.ഓളം നിന്നിട്ട് കടലിൽ ഇറങ്ങാമോ.

22. കാടിയായാലും മൂടിക്കുടിക്കണം.

23.കണ്ടറിയാത്തവൻ കൊണ്ടറിയും

24.ആനക്ക് തടിഭാരം ഉറുമ്പിന് അരിഭാരം




Alvin Joseph
III B

# കൊച്ചിയിലൂടെ

മുറ്റത്തെ മുല്ലയ്ക്ക് മണമില്ല എന്ന പറയുന്നതു പോലെ സ്വന്തം നാട്ടിലെ സവിശേഷതകൾ ജനങ്ങൾ അറിയുന്നില്ല. പണത്തിനു വേണ്ടിയുള്ള പാച്ചിലിനിടയിൽ ജനങ്ങൾ സ്വന്തം നാടിന്റെ ആഴങ്ങളിലേക്ക് ഇറങ്ങി ചെല്ലുന്നില്ല. എന്നാൽ ഞാൻ അവിടേക്ക് ഇറങ്ങിച്ചെന്നു.


ടൂറിസ്റ്റുകൾക്കു വേണ്ടി അലങ്കരിച്ച പാതയിലൂടെ നടന്നു നീങ്ങുമ്പോൾ എന്റെ മനസ്സിൽ ഇടം തേടിയത് ഇന്ത്യയിൽ കച്ചവടത്തിനായി വന്ന് ആദ്യമായി കോഴിക്കോട് കാലുകുത്തിയ വാസ്കോഡ ഗാമയുടെ ശവകുടിരം അടങ്ങിയ സെന്റ് ഫ്രാൻസിസ് ദേവാലയമാണ്. അവിടെ പുറത്ത് വിവിധതരം വസ്തുങ്ങൾ, മരത്തിൽ കൊത്തിയുണ്ടാക്കിയ പല പല രൂപങ്ങൾ മുതലായവ വിൽക്കുന്ന ധാരാളം വിൽപ്പനക്കാരെ കാണാം. പള്ളിയുടെ പരിസരത്തിൽ പള്ളിയെ കുറിച്ചുള്ള വിവരങ്ങളും നിർദ്ദേശങ്ങളും കാണാം. കല്ലിൽ പലതരം ലിപിയിൽ പലപല ഭാഷകൾ കൊത്തിയിരിക്കുന്നു. വാസ്ഗോഡഗാമ മരിച്ച് നാലഞ്ച് വർഷങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ മകൻ വന്ന്



Synagogue in Jew Town, waking up

ഭൗതികാവശിഷ്ടങ്ങൾ കൊണ്ടു പോയെങ്കിലും ശവകുടീരം ഇന്നും അലങ്കരിച്ചുവച്ചിട്ടുണ്ട്. അവിടെ നിന്നും ഞാൻ പോയത് പണ്ട് കൊച്ചിയിൽ ജീവിച്ചിരുന്ന ഡച്ച് ഗവർണറുടെ വസതിയിലേക്കാണ് . ഇപ്പോഴത്തെ സർക്കാർ അതൊരു മ്യൂസിയമാക്കാൻ തീരുമാനിച്ചെങ്കിലും പിന്നീട് ഒരു പ്രതികരണവും കണ്ടില്ല. . ഇപ്പോൾ അവിടെ കാണാൻ ഒന്നുമില്ല. കുറെ ഇരുട്ടറകളും അതിന് കാവലായി  ഒരാൾ മാത്രവും .

അവിടെ നിന്ന പുറത്തിറങ്ങിയപ്പോൾ ഞാൻ കണ്ടത് കൊച്ചിയുടെ ഇപ്പോഴത്തെ മുഖമാണ്.  പാതയോരങ്ങളിൽ മാലിന്യക്കുമ്പാരങ്ങൾ . കുറെ ടൂറിസ്റ്റുകൾ അത് ഫോട്ടോയിൽ പകർത്തുന്നു. നേതാക്കൻമാരുടെയും ഭരണകർത്താക്കളുടെയും അശ്രദ്ധ അല്ലെങ്കിൽ ക്രൂരതകൊണ്ട് കൊച്ചിയിലെ ചരിത്ര സവിശേഷതയുള്ള പല സ്ഥലങ്ങൾ ചരിത്രത്തിന്റെ ഓർമകളായിത്തീരും. അങ്ങനെ പലകാര്യങ്ങൾ ചിന്തിച്ച് അൽപം ശാന്തതയ്ക്കു വേണ്ടി ഞാൻ കടൽ ക്കരയിലേക്കു നടന്നു നീങ്ങി...






Muhammed Imthiyas

IX A

# വള്ളത്തോൾ നാരായണമേനോൻ



മലയാള സാഹിത്യത്തിലെ ആധുനിക കവിത്രയത്തിൽ പ്രധാനിയായ വള്ളത്തോൾ നാരായണമേനോൻ 1979 ഒക്ടോബർ 16 ന് തിരൂർ താലൂക്കിൽ വള്ളത്തോൾ തറവാട്ടിൽ ജനിച്ചു. ഭാരത സംസ്കാരത്തിന്റെ പൈതൃകത്തിൽ അഭിമാനം കൊണ്ടിരുന്ന കവി സമകാലിക സാമൂഹിക ജീവിതത്തെയും പ്രശ്നങ്ങളേയും തന്റെ കവിതകളിൽ വരച്ചുകാട്ടി. സ്വാതന്ത്ര്യസമരത്തെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള ദേശാഭിമാനപരമായ കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും, മഗ്ദലനമറിയം, ഗണപതി, കൊച്ചുസീത, അച്ഛനും മകളും, സാഹിത്യമഞ്ജരി 11 ഭാഗങ്ങൾ ഇവയാണ് പ്രധാന കൃതികൾ. സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളിൽ സജീവമായ് ഏർപ്പെട്ടു. ദേശീയ കവി എന്ന അംഗീകാരം ലഭിച്ചു. കഥകളിയുടെ പരിപോഷണത്തിനായി ചെറുതുരുത്തിയിൽ കേരള കലാമണ്ഡലം സ്ഥാപിച്ചു. 1958 മാർച്ച് 13 ന് അന്തരിച്ചു.






Abdul Ahadh K H
VIII A

# പാതയിലെ വെളിച്ചം

തനിക്കു സമൂഹത്തിൽ വേണ്ടത്ര അംഗീകാരം കിട്ടിയില്ല എന്ന തോന്നൽ ദിനം തോറും അച്യുതൻ നായരെ മുറിപ്പെടുത്തികൊണ്ടിരുന്നു. ചുറ്റും കാണുന്ന പല വ്യക്തികളുടെയും ഫോട്ടോ പത്രത്തിൽവരുന്നത് അദ്ദേഹത്തെവേദനിപ്പിച്ചു ഒരുതരം അസൂയതന്നെയായിരുന്നു അത്. എങ്ങനെ താൻ അവഗണിക്കപ്പെടുന്നു എന്ന് അദ്ദേഹത്തിന് മനസ്സിലായില്ല . കുറേക്കൂടെ അംഗീകാരമൊക്കെ പ്രതീക്ഷിച്ചാണ് നാട്ടിൽ വന്ന് സ്ഥിരം താമസമാക്കിയത്.

അങ്ങനെയിരിക്കുമ്പോഴാണ് ജർമനിയിൽ ഏറെക്കാലം കഴിച്ച സുഹൃത്ത് മധുവിനെ കണ്ടുമുട്ടിയത്. വിദേശവാസം കഴിഞ്ഞു നാട്ടിൽ വന്ന മധു ഒരു ചെറിയ വ്യവസായം തുടങ്ങി. ആദ്യമൊക്കെ സാമ്പത്തിക നേട്ടം കമ്മിയായിരുന്നു. എന്നാൽ ക്രമേണ സമൂഹത്തിൽ അദ്ദേഹത്തിന് അംഗീകാരം ലഭിച്ചു. നാട്ടിലെ പ്രശ്നങ്ങൾ മനസ്സിലാക്കാനും പഠിക്കുവാനും അദ്ദേഹം താൽപര്യം കാണിച്ചു. മാന്യമായ പെരുമാറ്റം കൊണ്ടും ലാഭേച്ഛയില്ലാത്ത സേവന മനോഭാവം കൊണ്ടും മധു പെട്ടെന്ന് നാട്ടുകാരുടെ സുഹൃത്തായി. അത് അദ്ദേഹത്തിന്റെ വ്യവസായത്തേയും സഹായിച്ചു. സഹകരണ മനോഭാവത്തോടെ തൊഴിലാളികളും മുന്നോട്ടു വന്നു. അപ്പോൾ മധുവിന്റെ ആത്മവിശ്വാസം വർധിച്ചു. അതിനു ശേഷം എല്ലാ കാര്യങ്ങളിലും അദ്ദേഹം നാട്ടുകാരോടൊപ്പം ഉണ്ടായിരുന്നു. സമാധാന പൂർണ്ണമായ ജീവിതത്തിന് ഇത് വഴി തെളിച്ചു അച്യുതൻ നായർ ഒന്നു രണ്ടു പരാതികൾ മധുവിന്റെ മുൻപിൽ നിരത്തി നാട്ടിലെ ആളുകളുടെ പെരുമാറ്റത്തിൽ അദ്ദേഹം കുറ്റങ്ങൾ കണ്ടു അവർ തന്നെ വേണ്ട

ബഹുമാനത്തോടെ കാണുന്നില്ല എന്നതായിരുന്നു മറ്റൊരു സങ്കടം. മധുവിന് കാര്യം മനസ്സിലായി. മധു മറ്റൊരു കാര്യം പറഞ്ഞു. ബഹുമാനം ചോദിച്ചു വാങ്ങേണ്ട ഒന്നല്ല ,കൊടുക്കുക മാത്രമേ നാം ചെയ്യിട്ടുള്ളു. ആദരവോടെ അവരോട് സംസാരിക്കുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്യുക. അവർ നമുക്ക് ആദരവ് തിരികെ തരും. ചില കാര്യങ്ങളിൽ നാം അവരേക്കാൾ മുന്നിലായിരിക്കും . പക്ഷെ അതു മറന്നു വേണം നാം അവരോട് ഇടപെടേണ്ടത്. അവരിലെ നന്മകളെ നാം മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്താൽ നമ്മേ അവർ സ്വീകരിക്കും. പക്ഷെ നമ്മുടെ ആത്മാർത്ഥതയിൽ ഒട്ടും കളങ്കം ഉണ്ടാവാൻ പാടില്ല. ഈ സമീപനത്തിനും തിരികെ എപ്പോഴും നല്ല പ്രതികരണം ലഭിക്കും.


“മൂല്യങ്ങൾ കൈമാറുമ്പോഴാണ്
അവയുടെ മൂല്യം വർദ്ധിക്കുന്നത്”



Nuhman A.N
IX A

# നുറുങ്ങുകൾ

## കണ്ടുപിടിത്തം




പ്രശസ്ത ശാസ്ത്രജ്ഞൻ തോമസ് ആൽവാ എഡിസൺ ഒരു പാർട്ടിയിൽ പങ്കെടുക്കുകയായിരുന്നു. ആതിഥേയന്റെ പൊങ്ങച്ചവും അതിഥികളുടെ പെരുമാറ്റവും ഒന്നും മൂപ്പർക്ക് രസിച്ചില്ല. ആരും കാണാതെ വല്ല വിധത്തിൽ അവിടെ നിന്നും രക്ഷപ്പെട്ടാൽ മതിയെന്നു കരുതി. പുറത്തേക്കുള്ള വാതിലിനടുത്തെത്തിയ അദ്ദേഹത്തെ ആതിഥേയൻ അപ്പോഴാണ് കാണുന്നത്. ഓ മിസ്റ്റർ എഡിസൺ, താങ്കൾക്ക് സ്വാഗതം. താങ്കൾ കൂടി ഞങ്ങളോടൊപ്പമുണ്ട്, ഇത് വലിയൊരു ബഹുമതിയാണ്. കൂട്ടത്തിൽ ചോദിക്കട്ടെ, താങ്കൾ ഇപ്പോൾ എന്താണ് കണ്ടുപിടിച്ചുകൊണ്ടിരിക്കുന്നത്.

പുറത്തേക്കുള്ള വഴി എഡിസൺ പറഞ്ഞു.

## വീട്ടും മറവിയും

പ്രിസ്റ്റൺ സർവകലാശാലയിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ ഒരു ദിവസം, "ആൽബർട്ട് ഐൻസ്റ്റീന്റെ വീട് എവിടെയാണ്? ദയവായി പറഞ്ഞു തരാമോ?”
ഐൻസ്റ്റീന്റെ ജീവന് ഭീഷണി ഉണ്ടായിരുന്നതുകൊണ്ട് സുരക്ഷാ കാരണങ്ങളാൽ വിലാസം നൽകാൻ ഉദ്യോഗസ്ഥൻ വിസമ്മതിച്ചു.അപ്പോൾ പെട്ടെന്ന് ഫോണിലൂടെ കേട്ട ശബ്ദം ഒരു കുശു കുശുപ്പായിമാറി.

മിസ്റ്റർ .....നിങ്ങൾ അതുമറ്റാർക്കും പറഞ്ഞു കൊടുക്കാതിരുന്നാൽ മതി. ഇത് ഐൻസ്റ്റീൻ തന്നെയാണ്. ഒന്ന് നടക്കാനിറങ്ങിയതായിരുന്നു. മടക്കത്തിൽ, ഏതോ ആലോചനകൾക്കിടയിൽ വീട് എവിടെയാണെന്ന കാര്യം ഞാനങ്ങുമറന്നുപോയി.






Umer Mukthar
IXA

# പൂമ്പാറ്റ



പാറിപ്പാറി വരുന്നൊരു
പൂഞ്ചിറകുള്ളൊരു  പൂമ്പാറ്റ
പൊന്നിൻ കസവുമുടുപ്പുമണിഞ്ഞ്
തേൻനുകരുകയാണോ നീ?
എന്നുടെ വീട്ടിൽ വന്നാട്ടെ
എന്നോടൊത്ത് കളിച്ചാട്ടെ
ആടാം, പാടാം പാടി രസിക്കാം
പൂഞ്ചിറകുള്ളൊരു  പൂമ്പാറ്റ
നിന്നെ കാണാൻ എന്തഴക്
പൊന്നഴകുള്ളൊരു പൂഞ്ചിറക്
ആരു തന്നു ഈ അഴക്
ആരു തന്നു ഈ അഴക്
എനിക്കും തരുമോ ഈ അഴക്
എനിക്കും തരുമോ ഈ അഴക്
നിന്നെ പോലെ പറന്നീടാൻ
മനസ്സിനുള്ളിലൊരഭിലാഷം





Alham Laaique S
IV A

# കടങ്കഥകൾ

- വന്നപ്പം ചൂട് പോയപ്പോ ഇരുട്ട് - സൂര്യൻ
- തിന്നില്ല കുടിക്കില്ല തല്ല് കൊണ്ടാൽ മിണ്ടുകയുമില്ല - ചെണ്ട
- കാലില്ലാത്തവൻ പുഴ നീന്തികടക്കും - പാമ്പ്
- ഞാനൊന്നു മിണ്ടിയാൽ ലോകം വിറയ്ക്കും - ഇടിവെട്ട്
- മണിയടിച്ചാൽ കൂകി വിളിച്ച് പെരുമ്പാമ്പോട്ടം - തീവണ്ടി
- പകലെല്ലാം മിന്നിമിന്നി രാത്രി ഇരുട്ടറയിൽ - കണ്ണ്
- അപ്പം പോലെ ഒരു ഉണ്ട അല്പം മാത്രം തല - ആന
- കാലകത്തിയാൽ തല പിളരും - കത്രിക
- പാൽ മൊന്തിയാൽ കരിമീൻ - കണ്ണ്
- ആശാരി മൂശാരി ചെത്താത്ത മരം വെള്ളത്തിലിട്ടാൽ

  ചീയാത്ത മരം-മുതല
- കാളകിടക്കും കയർ ഓടും - മത്തൻ
- കൊറ്റിയിരിക്കും കുളം വറ്റി വറ്റി - നിലവിളക്ക്



Steeve
III B

# പുസ്തക ലോകം

കേരളചരിത്രം - പ്രഫ.ശ്രീധരമേനോൻ

കേരളം 2000 - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

കേരളത്തിലെ ഇന്നലെകൾ - കെ. എൻ .ഗണേശ്

കേരളചരിത്രം - രാജൻ ഗുരുക്കൾ, രാഘവവാരിയർ

കേരളവും സ്വാതന്ത്ര്യസമരവും - പ്രഫ.ശ്രീധരമേനോൻ

ജാതി വ്യവസ്ഥിതിയും കേരളചരിത്രവും - പി. കെ.ബാലകൃഷ്ണൻ



Aliahzer M. G
IX A

# കടങ്കഥകൾ

* അടയുടെ മുൻപിൽ പെരുമ്പട - തേനീച്ചക്കൂട്
* കണ്ടാൽ കുരടൻ കാര്യത്തിൽ വമ്പൻ - കുരുമുളക്
* അടുക്കള കോവിലിൽ മൂന്നുണ്ടു ദൈവങ്ങൾ - അടുപ്പ്
* അടക്കും തുറക്കും കിങ്ങിണിപ്പത്തായം - കണ്ണ്
* അമ്പാട്ടെ പട്ടിക്ക് മുമ്പോട്ട് വാല് - ചിരവ
* മണ്ണിനടിയിൽ പൊന്നമ്മ – മഞ്ഞൾ
* വെളുത്ത ഒരമ്മയ്ക്ക് കറുത്ത മക്കൾ - ഏലക്കായ
* മുള്ളുണ്ട് മുരിക്കല്ല കൈപ്പുണ്ട് കാഞ്ഞിരമല്ല - പാവയ്ക്ക
* കാറ്റത്തോടും കുടവയറൻ - ബലൂൺ
* എട്ടെല്ലുള്ള കുട്ടപ്പന് ഒറ്റകാല് - കുടം
* വെള്ളപ്പൊതിയിൽ വെള്ളിക്കോല് - വാഴപ്പിണ്ടി
* അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില - പപ്പടം
* എന്നെ തൊട്ടാൽ തൊട്ടവനെ തട്ടും - കറണ്ട്
* കുത്തുന്ന കാളക്ക് കണ്ണ് പിന്നിൽ - സൂചി
* കോട്ടക്കുള്ളിൽ വെള്ളപ്പട്ടാളം - പല്ല്
* ചെടിയിൽ കായ കായിൽ ചെടി - കൈതച്ചക്ക
* കറിക്കു മുമ്പൻ ഇലക്ക് പിമ്പൻ - കറിവേപ്പില
* ഒരു കുന്നിന് രണ്ട് കുഴി - മൂക്ക്



Ashin George
II B

# മത സന്ദേശങ്ങൾ

“നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക.”

-യേശു ക്രിസ്തു

“ലോകാസമസ്താ സുഖിനോ ഭവന്തു”

-ഹിന്ദുമതം

“ഹിംസ പാടില്ല”

-ബുദ്ധമതം

“ഒരു ജാതി,ഒരു മതം,ഒരു ദൈവം മനുഷ്യന്”

-ശ്രീനാരായണഗുരു

“നീ നിന്റെ അയൽക്കാരനോട് ക്ഷമിക്കുന്നത് പോലെ ദൈവം നിന്നോട് ക്ഷമിക്കുന്നു”

-ബൈബിൾ

“സത്യം പറയണം,പ്രിയം പറയണം
അപ്രിയമായ സത്യം പറയാതിരിക്കണം”

-സത്യാർത്ഥപ്രകാശം



Mohammed Rasik
IX D

# പഴഞ്ചൊല്ലുകളും അവയുടെ വിശദീകരണങ്ങളും




- വിത്തെടുത്തുണ്ണരുത് - വിത്തിനു വച്ചിരിക്കുന്ന ധാന്യമെടുത്ത് ഉണ്ടാൽ നാളേക്ക് ഭക്ഷണം ലഭിക്കില്ല. കരുതി വയ്ക്കേണ്ടത് കരുതി വയ്ക്കണം.
- താളും തകരയും മുമ്മാസം
  ചക്കേം മാങ്ങേം മുമ്മാസം
  ചേനേം കുർക്കേം മുമ്മാസം
  അങ്ങനേം ഇങ്ങനേം മുമ്മാസം -

  ഓരോ ഋതുവിലും ഉണ്ടാകുന്ന ഭക്ഷണങ്ങൾക്ക് പ്രാധാന്യം കൊടുത്തിരിക്കുന്നു. മൂന്നുമാസങ്ങളിലായാണ് പ്രാദേശിക ഭക്ഷണക്രമം ഉണ്ടായിരുന്നത്. ഭക്ഷണവൈവിധ്യമാണിവിടെ പ്രകടമാകുന്നത്.
- ആയിരം മാങ്ങയ്ക്ക് അരപ്പൂള തേങ്ങ-
  ആയിരം മാങ്ങയുടെ പുളിമാറുവാൻ അരപ്പൂള തേങ്ങ മതി.
- അന്ന വിചാരം മുന്നവിചാരം- ആഹാരത്തിന്റെ കാര്യമാണ് പ്രഥമമായിട്ടുള്ളത്, മറ്റെന്തും അതു കഴിഞ്ഞിട്ടേയുള്ളൂ.
- അന്നബലം പ്രാണബലം
  അന്നാഹാരത്തിന്റെ ശക്തികൊണ്ടാണ്
- ജീവൻ നിലനില്ക്കുന്നത്.



Mohammed Yasin
III B

# ജവഹർലാൽ നെഹ്റു



ഇന്ത്യയുടെ ആദ്യപ്രധാനമന്ത്രിയും ഇന്ത്യൻ ജനാധിപത്യത്തിന്റെ മുഖ്യശില്പിയുമായ ജവഹർലാൽ നെഹ്റു, മോത്തിലാൽ നെഹ്റുവിന്റെയും സ്വരൂപ് റാണിയുടെയും മകനായി 1889 നവംബർ 14- നാണ് ജനിച്ചു. 12 വയസ്സുവരെ വീട്ടിൽ വച്ചു തന്നെയാണ് നെഹ്റു പഠിച്ചത്. 12-ാം വയസ്സിൽ ഉപരിപഠനത്തിനായി ഇംഗ്ലണ്ടിലേക്കു പോയി. ഹാനോ പബ്ലിക് സ്കൂളിലും കോളജിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. പ്രകൃതി ശാസ്ത്രത്തിലും ,ബാരിസ്റ്റർ പരീക്ഷയിലും വിജയിച്ച് 1912 ൽ ഇന്ത്യയിൽ മടങ്ങിയെത്തി. അലഹബാദ് ഹൈക്കോടതിയിൽ വക്കീലായി ജീവിതമാരംഭിച്ച അദ്ദേഹം 1912 ലെ ബന്ദിപ്പൂർ കോൺഗ്രസ് സമ്മേളനത്തോടെയാണ് ദേശീയ പ്രസ്ഥാനത്തിൽ പങ്കാളിയാകുന്നത്. 1916 ൽ കമലാകൗളിനെ വിവാഹം കഴിച്ചു. 1917 നവംബർ 19 നാണ് ഇന്ദിരാ പ്രിയദർശിനി എന്ന മകൾ ജനിക്കുന്നത്. 1921 മുതൽ 1945 വരെ ആറുതവണ അദ്ദേഹം ജയിൽവാസമനുഭവിച്ചു.

സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജിയുടെ വലംകൈയായിരുന്ന നെഹ്റു സ്വാതന്ത്ര്യത്തിന്റെ ആദ്യ 17 വർഷങ്ങളിൽ ഇന്ത്യയെ പുരോഗതിയിലേക്ക് നയിച്ചു.


1947 ആഗസ്റ്റ് 15 ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ ആദ്യ പ്രധാനമന്ത്രിയായി. 1964 ൽ മരിക്കുന്നതുവരെ ആ പദവിയിലിരുന്ന അദ്ദേഹം. 1964 മെയ് 27 ന് ഹൃദയാഘാതത്താൽ അന്തരിച്ചു.



Emmanuel Christy
VIII A

# സഹായിയായ അനീഷ്

അനീഷ് വയസ്സ് 14. കരിങ്കൽ തൊഴിലാളിയായിരുന്ന മുകുന്ദന്റേയും മല്ലികയുടേയും മകനാണവൻ. ഒരു ദിവസം പണിക്കുപോയ അവന്റെ അച്ഛനും അമ്മയും ഒരു അപകടത്തിൽ കൊല്ലപ്പെട്ടു. അനാഥരായ മൂന്നു കുഞ്ഞുങ്ങൾ ,അവരുടെ ഭാവിയെ ഓർത്ത് അവൻ തേങ്ങും. പട്ടിണി ഒരു ചോദ്യചിഹ്നമായി മുന്നിൽ നിൽക്കുന്നതു കണ്ട അനീഷ് പണിക്കുപോകുവാൻ തുടങ്ങി. മിനിമോൾ ഒരു കുടുംബനാഥയെപോലെ അവർക്ക് ഭക്ഷണം വച്ചുകൊടുത്തു. അവർ സന്തോഷത്തോടെ കഴിഞ്ഞുപോവന്നു . ഒരിക്കൽ ഹോട്ടലിൽ അപരിചിതനായ ഒരാൾ അനീഷിനെ അന്വേഷിച്ചു വന്നു. അയാൾ      അനീഷിനെ പ്യൂണായി തിരഞ്ഞെടുത്തു. തരക്കേടില്ലാത്ത ശമ്പളം. അവൻ തന്റെ അനിയനേയും അനിയത്തിയേയും സ്ക്കൂളിൽ പഠിപ്പിച്ചു. ഒരിക്കൽ അവൻ നഗരത്തിൽ നിന്നു വീട്ടിലേക്ക് പോയപ്പോൾ കരയുന്ന ഒരു കുട്ടിയെ കണ്ടു. അനീഷ് ആ കുട്ടിയുടെ അരികിലെത്തി ,മൂന്നു ദിവസമായി അവൾ കഞ്ഞി കുടിച്ചിട്ടില്ലെന്ന് കേട്ടപ്പോൾ അവന്റെ കണ്ണു നിറഞ്ഞു. അവനെയും കൂട്ടി വീട്ടിലെത്തിയപ്പോൾ മിനിമോൾ വാതിൽക്കൽ തന്നെയുണ്ടായിരുന്നു. നിറഞ്ഞ മനസ്സോടെ അവൾ അവനെ സ്വീകരിച്ചു. ഒന്നും ചോദിക്കാതെ തന്നെ അവൾക്കെല്ലാം മനസ്സിലായിരുന്നു. മിനിമോൾ അവന് ഭക്ഷണം നൽകി.
പുതിയൊരതിഥികൂടിയെത്തിയപ്പോൾ ആ വീട് ഒരു സ്വർഗ്ഗമായിതിർന്നു.



Anzil Rahman
IX A

# പൂവ്



പൂവേ പൂവേ എന്തുരസം
നിന്നെ കാണാൻ എന്തുരസം
പൂമ്പൊടികാണാൻ എന്തുരസം
പൂവേ പൂവേ എന്തുരസം
പൂവിൻ തേനോ എന്തുരസം
പൂവിൻ നിറമോ എന്തുരസം
പൂവേ പൂവേ എന്തുരസം
നിന്നെ കാണാൻ എന്തുരസം





Alden Joseph
IV A

# കടങ്കഥകൾ

- അങ്ങേലെ വീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേലെ വീട്ടിൽ മുറ്റമടി -മുള
- അകത്തുനിന്നും നോക്കിക്കാണും കാണുന്നതെല്ലാം ഉള്ളിലാക്കും -ക്യാമറ
- ആവശ്യക്കാർ വാങ്ങുന്നില്ല വാങ്ങുന്നവർ ഉപയോഗിക്കുന്നില്ല - ശവപ്പെട്ടി
- കാലിൽ പിടിച്ചാൽ തോളിൽ കയറും -കുട
- അകത്ത് പോയപ്പോൾ പച്ച പുറത്തുവന്നപ്പോൾ ചുവപ്പ് -വെറ്റില മുറുക്കുന്നത്
- ആയിരം കണ്ണൻ ആറ്റിൽ ചാടി -വല
- ഒരു കുത്തിനു കണ്ണ് തുറക്കും മറു കുത്തിനു കണ്ണടയ്ക്കും -ബൾബ്
- എനിക്ക് മൂന്ന് കണ്ണുകളാണ് എന്നാൽ എനിക്ക് കാഴ്ചയില്ല-തേങ്ങ
- കുത്തിയാൽ മുളക്കില്ല വേലിയിൽ പടരും -ചിതൽ
- ഞാൻ നോക്കിയാലെന്നെ നോക്കും ,ഞാൻ ചിരിച്ചാൽ അവനും ചിരിക്കും -കണ്ണാടി



Arvin Alex
II A

# യാത്രാ വിവരണം

വസന്തകാലത്തിലെ ചിങ്ങമാസത്തിൽ, കേരളത്തിന്റെ തലസ്ഥാന നഗരമായ തിരുവനന്തപുരത്തേക്കുള്ള യാത്ര വളരെ ഹൃദ്യമായിരുന്നു. നിത്യഹരിതഭംഗി കളിയാടുന്ന തോട്ടങ്ങളും ,പൂക്കളും തീർത്ത മുറ്റങ്ങളും, പച്ചപ്പട്ടുവിരിച്ച നെൽപ്പാടങ്ങളും വഴിനീളേ കണ്ടു. അമൃത കുംഭങ്ങളേന്തിയ തെങ്ങിൻ തോപ്പുകളും അരുവികളും തോടുകളും കടന്ന് തിരുവനന്തപുരത്ത് എത്തിച്ചേർന്ന ഞങ്ങൾ ആദ്യമായി പത്മനാഭസ്വാമിക്ഷേത്രമാണ് സന്ദർശിച്ചത് . ഇന്ത്യയിലെ പുരാതന ക്ഷേത്രങ്ങളിൽ ഒന്നായ ഇവിടെ അനന്തശയന രൂപത്തിലുള്ള മഹാവിഷ്ണുവിനേയണ് മനോഹരമായ് പ്രതിഷ്ഠിച്ചിട്ടുള്ളത്.





അതിമനോഹരമായ ശില്പങ്ങളും, മണ്ഡപങ്ങളും ക്ഷേത്രത്തിൻ കാണാം.

നിരവധി പക്ഷികളും, മൃഗങ്ങളുമുള്ള കാഴ്ചബംഗ്ലാവ് സന്ദർശിച്ചതിനു ശേഷം ഞങ്ങൾ മ്യൂസിയത്തിലേക്ക് പോയി. മുൻതലമുറയെപ്പറ്റി വിവരം നല്കുന്ന രൂപമാതൃകകളും,

കലാരൂപങ്ങളും അവിടെ കണ്ടു. വൈകുന്നേരം കോവളം കടപ്പുറത്തേക്കാണ് പോയത്. തുള്ളിക്കളിക്കുന്ന കടലും പാറക്കൂട്ടങ്ങളിൽ ആഞ്ഞടിക്കുന്ന തിരമാലകളും, ബോട്ട് യാത്ര നടത്തുന്ന വിനോദസഞ്ചാരികളേയും കണ്ടു. സൂര്യാസ്തമയത്തോടെ ദീപാലംകൃതമായ നഗരത്തിലൂടെ ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു.





Ameer Ahsan
X A

# പ്രകൃതിസ്നേഹം



പ്രകൃതിയോട് ഇണങ്ങി ജീവിക്കേണ്ടത് നമ്മുടെ ആരോഗ്യത്തിനും വ്യക്തിത്വത്തിനും അനിവാര്യമാണ്. പക്ഷേ,ഉപഭോഗസംസ്കാരം പ്രകൃതിയെ ചൂഷണം ചെയ്തു നശിപ്പിക്കുന്നതിൽ നമ്മെ കൊണ്ടെത്തിച്ചിരിക്കുന്നു.അതുകൊണ്ടു തന്നെ പ്രകൃതിയുടെ സന്തുലനാവസ്ഥ നമുക്ക് നഷ്ടമായി. പ്രകൃതിക്ഷോഭങ്ങൾ ആവർത്തിക്കുന്നു,വെള്ളവും,ശുദ്ധവായുവും മറ്റും കുറഞ്ഞു വരുന്നു.പ്രകൃതിയിൽ നിന്ന് അകന്നുകൊണ്ടിരിക്കുന്ന മനുഷ്യൻ മനോസംഘർഷങ്ങളുടെ പിടിയിലാണ്. ഇനിയെങ്കിലും പ്രകൃതിക്ക് ദോഷം ചെയ്യാതെ പ്രകൃതിയോട് ഇണങ്ങി ജീവിക്കുകയാണ് നാം ചെയ്യേണ്ടത്.നമ്മുടെയും വരും തലമുറയുടെയും ആരോഗ്യകരമായ ജീവിതത്തിന് അത് ആവശ്യമാണ്. ഹൃദയത്തെ മഥിക്കുകയും മനസ്സിനെ ആകർഷിക്കുകയും ഭാവനയെ ജ്വലിപ്പിക്കുകയും ചെയ്യുന്ന അക്ഷയഖനിയാണ് പ്രകൃതി.നമ്മുടെ ശരീരത്തിന് ആരോഗ്യവും ബുദ്ധിക്ക് ഉത്തേജനവും ആത്മാവിന് ആനന്ദവും ചെയ്യുന്ന പ്രകൃതിയെ ഇനിയെങ്കിലും സ്നേഹിക്കുക.

"മനുഷ്യന്റെ ആവശ്യത്തിനുള്ളത് പ്രകൃതിയിലുണ്ട്. അത്യാഗ്രഹത്തിനുള്ളത് ഇല്ലതാനും"

-ഗാന്ധിജി



Ahamed Faraz

IX A

# സി. വി. രാമൻ



1888 നവംബർ 7 ന് തിരുച്ചിറപ്പള്ളിയിൽ ചന്ദ്രശേഖരഅയ്യരുടേയും പാർവ്വതി അമ്മാളുടെയും മകനായി സി. വി. രാമൻ ജനിച്ചു. ചന്ദ്രശേഖര വെങ്കിട്ട രാമൻ എന്നാണ് അദ്ദേഹത്തിന്റെ മുഴുവൻ പേര് .

14-ാം വയസ്സിൽ രാമൻ ബി. എ. പഠനം പൂർത്തിയാക്കി.1930 ൽ രാമൻ പ്രഭാവത്തിന്റെ കണ്ടുപ്പിടിത്തത്തിന് ഭൗതീക ശാസ്ത്രത്തിലെ നോബൽ സമ്മാനം അദ്ദേഹത്തിനു ലഭിച്ചു.

കടൽവെള്ളത്തിന്റെ നീലരഹസ്യം അനാവരണം ചെയ്ത സി. വി. രാമൻ ശാസ്ത്രത്തിന്റെ സത്ത ഉപകരണങ്ങളല്ല സ്വതന്ത്രചിന്തയും കഠിനാധ്വനവുമാണെന്ന് ഊന്നിപ്പറഞ്ഞു. 1934 ൽ ഇന്ത്യൻ അക്കാദമി ഓഫ് സയൻസ് സ്ഥാപിച്ചു തുടർന്ന് ബാംഗ്ലൂരിൽ

രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ഗവേഷണ സ്ഥാപനം തുടങ്ങി. 1954 ൽ ഭാരതരത്ന പദവി നൽകി രാഷ്ട്രം സി.വി. രാമനെ ആദരിച്ചു. ഭാരതത്തിന്റെ അഭിമാനമായ ശാസ്ത്രജ്ഞൻമാരിൽ പ്രമുഖനായ അദ്ദേഹം 1970 നവംബർ 21 ന് ഇഹലോകവാസം വെടിഞ്ഞു.



Keness Edwin
VIII A

# പഴഞ്ചൊല്ലുകൾ

- അകത്തു കത്തിയും പുറത്തു പത്തിയും.
- അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്.
- അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.
- അച്ഛൻ ആന കേറിയാൽ മകന് തഴമ്പുണ്ടാകുമോ ?
- അഞ്ചു വിരലും ഒരുപോലല്ല.
- അടയ്ക്ക മടിയിൽ വയ്ക്കാം ,അടയ്ക്കാമരമായാലോ?
- അടി തെറ്റിയാൽ ആനയും വീഴും.
- അടുത്താൽ നക്കിക്കൊല്ലും അകന്നാൽ ഞെക്കിക്കൊല്ലും.
- അണ്ണാൻ കുഞ്ഞും തന്നാലായത്.
- അണ്ണാൻ മൂത്താലും മരം കേറ്റം മറക്കുമോ.
- അത്താഴം മുടക്കാൻ നീർക്കോലി മതി.
- അധികമായാൽ അമൃതും വിഷം.
- അപ്പം തിന്നാൽ മതി,കുഴിയെണ്ണേണ്ട.
- അമ്മയ്ക്കു പ്രാണ വേദന, മകൾക്ക് വീണ വായന.
- അൽപന് അർഥമുണ്ടായാൽ അർധരാത്രിക്ക് കുട പിടിക്കും.
- ആന കൊടുത്താലും ആശ കൊടുക്കരുത്.
- ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ.
- ആരാന്റമ്മയ്ക്കു ഭ്രാന്തു പിടിച്ചാൽ കാണാൻ നല്ല രസം.



Muhammad Nahwan T. A
II B

# നന്മ മരം



മരങ്ങൾ വെട്ടിമുറിക്കരുതേ
മരങ്ങൾ നാടിൻസമ്പത്ത്
മരങ്ങൾ നട്ടുവളർത്തേണം
മരങ്ങൾ നമ്മുടെ ഐശ്വര്യം

നദിയെ കുരുതി കൊടുക്കരുതേ
മണലിനായി കൊല്ലരുതേ
പുഴകളെയാർക്കും വിൽക്കരുതേ
അവ ദൈവം നൽകിയ വരദാനം
പ്ലാസ്റ്റിക് കിറ്റുകൾ വേണ്ടേ വേണ്ട
കടലാസ് കൂടുകൾ അനുയോജ്യം
വെള്ളം പാഴായ് കളയരുതേ
വെള്ളം ജീവന്നാധാരം



Arun Sebastian
VIII A

# ഭൂമി

സൗരയൂഥത്തിൽ ജീവൻ നിലവിൽക്കുന്ന ഏകഗ്രഹമാണ് ഭൂമി. കോടാനകോടി ജീവജാലങ്ങളെ ഉൾക്കൊള്ളുന്ന ഭൂമി. അതിൽ ഒരു ജീവിമാത്രമാണ് മനുഷ്യൻ. നമുക്ക് ഈ ഭൂമിയിൽ ജീവിക്കാൻ സാധിക്കുന്നത് വായുവും വെള്ളവും മറ്റു ജീവിവർഗങ്ങളും ഇവിടെ ഉള്ളതുകൊണ്ടാണ്. ഇക്കാര്യങ്ങൾ മനുഷ്യൻ മറന്ന് പോകുന്നു. വിവിധ ജീവികളുടെനിലനിൽപ്പിന് ആധാരമായ മണ്ണും, വെള്ളവും, വായുവും ജീവന്റെ മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ഇന്ന് വാസസ്ഥലങ്ങൾ ഒന്നൊന്നായി നാം തകർത്ത് കൊണ്ടിരിക്കുന്നു. കുന്നുകൾ ഇടിച്ച് നിരത്തി നീരുറവകൾ വറ്റിക്കുന്നു, മാത്രമല്ല കുന്നിടിച്ച് മണ്ണിട്ട് വയലുകൾ നികത്തി ഭൂമിയിലെ ജലസംഭരണികൾ നാം ഇല്ലാതാക്കുന്നു, വനങ്ങൾ നശിപ്പിക്കുന്നു. മനുഷ്യർ ചെയ്യുന്ന ഈ പാതകങ്ങളുടെയെല്ലാം ഫലമായി ഭൂമി അതിവേഗത്തിൽ വാസയോഗ്യമല്ലാത്തൊരിടമായി മാറുകയാണ്. ഇത്പോലെ തന്നെയാണ് നാം മുന്നോട്ട് പോകുന്നതെങ്കിൽ മനുഷ്യർ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ അന്ത്യമായിരിക്കും ഫലം. അതിനാൽ നാം നമ്മുടെ സ്വന്തം ഭൂമിയെ രക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ മുഴുകേണ്ടിയിരിക്കുന്നു. അതിനു വേണ്ടത് "നമ്മൾ ഭൂമിയെ സ്നേഹിക്കുകയാണ് - സ്നേഹിക്കുന്നതിനെയേ സംരക്ഷിക്കാനാവൂ.”



Abdul Ahadh.K.H
VIII A

# ഓണത്തല്ല്



കൈത്തല്ല്, കയ്യാങ്കളി, ഓണപ്പട എന്നൊക്കെ അറിയപ്പെടുന്ന ഈ കളിക്ക് കളരിപ്പയറ്റിലെ ചെറും കൈ പ്രയോഗമായി സാമ്യമുണ്ട് വടക്കേ മലബാറിലാണ് ഓണത്തല്ലിന് ഏറെ പ്രചാരമുണ്ടായിരുന്നത്. കളത്തിന്റെ ഇരുവശത്തും തല്ലുകാർ അഭിമുഖമായി അണി നിരക്കുന്ന ഉടുമുണ്ട് തറ്റുടുത്തും രണ്ടാം മുണ്ട് അരിയിൽ മുറുക്കി കെട്ടിയുമാണ് തല്ലിന് ഇറങ്ങുന്നത് . അഭിവാദനവും ഗുരു വന്ദനവും കഴിഞ്ഞശേഷം ഒരു വിഭാഗത്തിപ്പെട്ട തല്ലുകാരിൽ ഒരാൾ ആർപ്പുവിളിയോടെ കളത്തിലേക്ക് ചാടിയിറങ്ങി എതിർകക്ഷിയെ പോരിനു വിളിക്കുന്നു.


അപ്പോൾ പ്രായത്തിലും കാഴ്ചയിലും തുല്യനായ ഒരാൾ എതിർ ചേരിയിൽ നിന്ന് അട്ടഹാസത്തോടും ആർപ്പുവിളിയോടും കൂടെ കളത്തിലേക്കിറങ്ങുന്നു. പിന്നെ പൊരിഞ്ഞ തല്ലാണ്. കളി നിയന്ത്രിക്കാൻ ചാതിക്കാർ എന്ന പേരിൽ രണ്ട് അമ്പയർമാർ ഉണ്ടാകും. പിഴവു വരുത്തുന്ന അടിക്കാരെ കളത്തിനു പുറത്താക്കും. കൈ പരത്തിയാണ് അടിക്കേണ്ടത്.

ഗ്രീക്കുകാരുടെയും റോമാക്കാരുടെയും കായിക മത്സര സമ്പ്രദായങ്ങളോടും സാദൃശ്യമായ ഓണത്തല്ലിനെ കുറിച്ച് പാശ്ചാത്യ കൃതികളിൽ വർണ്ണിച്ചിട്ടുണ്ട്.



Muhammed Shasin
IX C

# മഴ



പുതുമഴ പെയ്യുമ്പോൾ
ചെടികൾക്കെല്ലാം ആനന്ദം
മഴ വെള്ളത്തിൽ തത്തിക്കളിക്കും
കുട്ടികൾക്കുമാനന്ദം
മഴ പെയ്യുമ്പോൾ ചെറു -
ചെടികൾ മുളയ്ക്കും
ഭൂമിയാകെ പച്ചവിരിക്കും
മയിലുകൾ നൃത്തം വയ്ക്കും
മഴവില്ലുകൾ വിരിയും
മഴ മഴ മഴ പുതുമഴ



Al Ameen P.A
II B

# അമ്മ



ആ വർഷത്തെ ഏറ്റവും നല്ല ഉദ്യോഗസ്ഥനുള്ള സമ്മാനം മഹാരാജാവ് പ്രഖ്യാപിച്ചു. കൊട്ടാരത്തിലെ കാര്യസ്ഥന് മഹാരാജാവ് നവരത്നമോതിരം സമ്മാനിച്ചു അദ്ദേഹം വൈകിട്ട് വീട്ടിലെത്തി അമ്മയുടെ കാൽതൊട്ട് വന്ദിച്ചു. പിന്നീട് ആ മോതിരം അമ്മയ്ക്ക് കൊടുത്ത് കൊണ്ട് പറഞ്ഞു- അമ്മ, അമ്മ എത്ര കഷ്ടപ്പെട്ടിട്ടാണ് എന്നെ ഈ നിലയിൽ എത്തിച്ചത്. ചെറുപ്പത്തിലെ എനിക്ക് അച്ഛനെ നഷ്ടപ്പെട്ടു. എവിടെയൊക്കെ ജോലിചെയ്തിട്ടാണ് അമ്മ.

എന്നെ പഠിപ്പിച്ചതും വളർത്തിയതും ഇന്ന് മഹാരാജാവ് ഏറ്റവും നല്ല ജോലിക്കാരനുള്ള സമ്മാനം എനിക്ക് സമ്മാനിച്ചു, അത് അമ്മയ്ക്ക് അവകാശപ്പെട്ടതാണ് എന്നെ വലുതാക്കിയ അമ്മയ്ക്കുള്ള പ്രതിഫലമാണീ നവരത്നമോതിരം . അമ്മ പുഞ്ചിരിച്ചു, മോതിരം തിരിച്ചു മകന്റെ കൈയിൽ അണിയിച്ചുകൊണ്ട് പറഞ്ഞു- ഇത് നിന്റെ കൈയിൽ തന്നെ കിടക്കട്ടെ അതാണ് അമ്മയ്ക്കിഷ്ടം -മോനെ ഇന്ന് നീ അമ്മയുടെ മുറിയിൽ കിടക്കണം, അമ്മയുടെ ഒരു ആഗ്രഹമാണ് . രാത്രിയായി ഇരുവരും കിടന്നു .

അല്പം കളിഞ്ഞപ്പോൾ അമ്മ ഉണർന്ന് മകനെ വിളിച്ചു. വലിയ ദാഹം കുറച്ച് വെള്ളം വേണം. മകൻ അടുക്കളയിൽ നിന്നും വെള്ളം ചൂടാക്കി അമ്മയ്ക്ക് കൊടുത്തു, അമ്മ അത് വാങ്ങി കുടിച്ചു. ഇനി കിടന്നോളൂ അവൻ പറഞ്ഞു . മകൻ വീണ്ടും കിടന്നു ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ അമ്മ വീണ്ടും മകനെ വിളിച്ചുണർത്തി. മോനെ പുറം വേദനിക്കുന്നു ഒന്ന് തടവിത്താ അയാൾ അമ്മയുടെ പുറം തടവികൊടുത്തു. ഉറക്കം പോയതിന്റെ ക്ഷീണവും അസ്വസ്ഥതയും തോന്നി തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ അമ്മ കിടന്ന് കൊള്ളാൻ പറഞ്ഞു.

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ അമ്മ അയാളെ വിളിച്ചുണർത്തി വലിയ ദാഹം അമ്മ പറഞ്ഞു. അയാൾ അടുക്കളയിൽ പോയി ഒരു വലിയ പാത്രത്തിൽ വെള്ളം ചൂടാക്കി കൊണ്ടുവന്ന് വെച്ചു, എന്നിട്ട് പറഞ്ഞു ഇതാ അമ്മേ വെള്ളം ആവശ്യമുള്ളപ്പോൾ എടുത്ത് കുടിച്ചോളൂ, ഇനി എന്നെ വിളിക്കണ്ട. ഇത് കേട്ടതും അമ്മ പറഞ്ഞു നീ വിളക്ക് കൊളുത്തു മകൻ വിളക്ക് കൊളുത്തി. അമ്മയുടെ മുഖത്ത് വല്ലാത്ത ഭാവം.

അവർ പറഞ്ഞ് തുടങ്ങി നന്നേ ചെറുപ്പത്തിലേ നിനക്ക് അച്ഛനെ നഷ്ടപ്പെട്ടു. അന്ന് നിനക്ക് ഞാൻ മാത്രം, എനിക്ക് നീയും എത്ര രാത്രികളിൽ നിനക്കായി ഞാൻ ഉറങ്ങാതിരുന്നു. നിനക്ക് രോഗം വന്നപ്പോൾ അമ്മ ഉറങ്ങാതിരുന്ന് നിന്നെ പരിചരിച്ചു, നിനക്ക് നല്ല ഉറക്കം കിട്ടാനായി അമ്മ എത്ര രാവുകൾ ഉറങ്ങാതിരുന്നു.

നിനക്ക് പഠിക്കാനുള്ള രാത്രികളിൽ


അമ്മ കൂട്ടിനായി ഉറക്കം ഒഴിച്ചു, ഇന്ന് ഒരു രാത്രി, ഒരേയൊരു രാത്രി മാത്രം ഉറക്കം നഷ്ടപ്പെട്ടപ്പോൾ നീ അസ്വസ്ഥനായി, അല്ലേ .അമ്മ തുടർന്ന് ചോദിച്ചു - അമ്മയുടെ പരിചരണത്തിന് പ്രതിഫലം കൊടുക്കാൻ ഏതു സന്താനത്തിന് കഴിയും മോനേ

മകന്റെ ഹൃദയം പിടഞ്ഞു, അയാൾ പിടഞ്ഞു കൊണ്ട് പറഞ്ഞു."അമ്മേ മാപ്പ് "



Mohamed Shuhaib
III A

# ഗാന്ധിജി നമ്മുടെ രാഷ്ട്രപിതാവ്



മോഹൻദാസ് കരംചന്ദ്ഗാന്ധി എന്നായിരിന്നു ഗാന്ധിജിയുടെ യഥാർത്ഥപേര്. കുട്ടികൾ ബാപ്പുജി എന്നാണ് വിളിക്കുന്നത് . 1869 ഒകടോബർ 2 യിരുന്നു ബാപ്പുജിയുടെ ജനനം. ഗുജറാത്തിലെ പോർബന്തർ എന്ന സ്ഥലത്തായിരുന്നു ബാപ്പുജി ജനിച്ചത് .കരംചന്ദ്ഗാന്ധിയുടെയും പത്നി പുത്‌ലിബായിയുടെയും മകനായാണ് ബാപ്പുജി ജനിച്ചത് .1888 ൽ ബാപ്പുജി നിയമം പഠിക്കാൻ ലണ്ടനിൽപോയി. 1915 ൽ ബാപ്പുജി ഇന്ത്യയിൽ എത്തി സ്വാതന്ത്ര്യസമരത്തിൽ പങ്കാളിയായി. 1930 മാർച്ച് 12 നായിരുന്നു ഗാന്ധിജിയുടെ ഉപ്പുസത്യാഗ്രഹം. 1947 ആഗസ്റ്റ് 15 ബ്രിട്ടീഷുകാരിൽ നിന്നും സ്വാതന്ത്ര്യം നേടിയെടുത്തു . സ്വാതന്ത്ര്യം നേടി ഒരുവർഷം തികഞ്ഞില്ല അതിനുമുമ്പെ ബാപ്പുജി ഇഹലോകവാസം വെടിഞ്ഞു. നാഥുറാം വിനായക് ഗോഡ്സെ എന്ന മതഭ്രാന്തനായിരുന്നു ബാപ്പുജിയെ വെടിവെച്ചു കൊന്നത്.1948 ജനുവരി 30 നായിരുന്നു ബാപ്പുജിയുടെ മരണം .ജനുവരി 30 ഇന്നും നമ്മൾ രക്തസാക്ഷിദിനമായി ആചരിക്കുന്നു.



Muhammed Nifal K A
III B

# വാദ്യങ്ങൾ

* **തന്ത്രിവാദ്യങ്ങൾ**:- തന്ത്രിവാദ്യങ്ങൾ ഉപയോഗിച്ച് നാദം ഉണ്ടാക്കുന്നവയാണ് തന്ത്രിവാദ്യങ്ങൾ. വീണ, തംബുരു, വയലിൻ, സരോദ്, മാൻഡലിൻ തുടങ്ങിയവ ഉദാഹരണങ്ങളാണ്.

* **സുഷിരവാദ്യങ്ങൾ:-** സുഷിരവാദ്യങ്ങൾ വായുകടത്തിവിട്ട് സംഗീതമുണ്ടാക്കുന്നവയാണ്. പുല്ലാങ്കുഴൽ, കുറുങ്കുഴൽ, നാദസ്വരം തുടങ്ങിയവയാണ് സുഷിരവാദ്യങ്ങൾ.

* **ഘനവാദ്യങ്ങൾ:-** ഘനവാദ്യങ്ങൾ ലോഹമോ, അതുപോലുള്ള വസ്തുക്കളോകൊണ്ട് നിർമ്മിക്കുന്നു. സിംബലിൻ, ചേങ്ങില എന്നിവയൊക്കെ ഘനവാദ്യങ്ങളാണ്.

* **തുകൽവാദ്യങ്ങൾ:-** പൊള്ളയായ വസ്തുവിന്റെ തുറന്ന ഭാഗത്ത് തുകൽ മുറുക്കി ബന്ധിച്ചാണ് തുകൽവാദ്യങ്ങൾ ഉണ്ടാക്കുന്നത് .തബല, മൃദംഗം, തകിൽ തുടങ്ങിയവ ഉദാഹരണങ്ങളാണ്.



വയലിൻ



സാരോദ്



വീണ



പുല്ലാങ്കുഴൽ



നാദസ്വരം



തബല



മൃദംഗം



തകിൽ

# കലാകാരന്മാരും വാദ്യാപകരണങ്ങളും

ഞെരളത്ത് രാമപ്പൊതുവാൾ - ഇടയ്ക്ക

വെങ്കിച്ച സ്വാമി - മദ്ദളം

പല്ലാവൂർ അപ്പുമാരാൻ - ഇടയ്ക്ക

ആലിപ്പറമ്പ്ശിവരാമപ്പൊതുവാൾ - തായമ്പക

കലാമണ്ഡലം അപ്പുക്കുട്ടിപ്പൊതുവാൾ - മദ്ദളം

തിരുവിഴാ ജയശങ്കർ - നാഗസ്വരം

കുഴൂർ നാരായണമാരാർ - തിമില

കലാമണ്ഡലം കേശവൻ - ചെണ്ട

കൃഷ്ണക്കുട്ടിപ്പൊതുവാൾ - ചെണ്ട

ആലം കുടി രാമചന്ദ്രൻ - ഘടം

മാവേലിക്കര കൃഷ്ണൻകുട്ടിനായർ - മൃദംഗം

പാലക്കാട് മണി അയ്യർ - മൃദംഗം

| | |
|---|---|
| ദേവക്കോട്ട നാരായണ അയങ്കാർ | - ഗോട്ടുവാദ്യം |
| ചാലക്കുടി നാരായണ സ്വാമി | - വയലിൻ |
| കെ എസ് നാരായണ സ്വാമി | - വീണ |
| പണ്ഡിറ്റ് രവിശങ്കർ | - സിത്താര |
| രമണി | - പുല്ലാങ്കുഴൽ |
| ബിസ്മില്ലാവാൻ | -ഷഹനായ് |



Joel Paul
IX B

# മാലിന്യ-വിമുക്ത കേരളം



കേരളം - അതെ പച്ചപ്പട്ട് വിരിച്ച് കിടക്കുന്ന ശ്യാമ കോമളമായ നമ്മുടെ സ്വന്തം നാട് - ഹിമവാന്റെ നാടായ ഭാരതത്തിന്റെ ഒരു കൊച്ചു മൂലയിൽ കേരളീയരായ നാം ഒതുങ്ങിക്കിടക്കുന്നില്ല. ലോകത്തിന്റെ ഏത് മൂലയിലും ഇന്ന് ഒരു മലയാളിയെ നമുക്ക് കാണാം. ലോകചരിത്രത്തിൽ തന്നെ ഇന്ന് മലയാളികളായ നാം സ്ഥാനം പിടിച്ച് കഴിഞ്ഞു. വികസനം എന്ന വാക്കിന് കേരളീയർ നല്ല ഒരു അർത്ഥം തന്നെ സമ്മാനിച്ചു എന്ന് പറയാം. പക്ഷെ എന്തൊക്കെയോ എവിടെയെക്കെയോ നമുക്ക് പിഴച്ചു . ടൂറിസം എന്നത് ഒന്നാം തരം വ്യവസായം ആയി മാറിയ കേരളത്തിൽ നാറ്റത്തിൽ നാം ഒന്നാം സ്ഥാനം നേടിക്കഴിഞ്ഞു. വ്യവസായ നാഗരികതയിൽ ഇന്ന് ഭാരതത്തിൽ തന്നെ മൂല്യാധിഷ്ഠിത നഗരമായി മാറിക്കഴിഞ്ഞ കൊച്ചിയിൽ ഇന്ന് കടന്നുവന്നാൽ മൂക്കു പൊത്താതെ നടക്കാൻ നമുക്ക് സാധിക്കുകയില്ല. ഇന്നത്തെ കാലഘട്ടത്തിൽ കേരളത്തിന്റെ സ്ഥിതി ഇങ്ങനെയായത് വളരെയേറെ ചിന്താർഹമായ വിഷയമാണ്. പ്ലാസ്റ്റിക്ക് മനുഷ്യർ മുഴുവൻ ഉപയോഗിക്കുന്ന ഒരു വസ്തുവാണ്. ലോകരെല്ലാം ഇന്നും വളരെ സന്തോഷത്തോടെ ഉപയോഗിക്കുന്നു. കേരളത്തിൽ അടുത്ത കാലത്തായി പ്ലാസ്റ്റിക്ക് ഉപയോഗം നിരോധിച്ചെങ്കിലും നാം ഏവരും ഇന്നു അത് ഉപയോഗിക്കുന്നു. ഇത് എതായാലും മനുഷ്യരാശിക്ക് നാശമാണെങ്കിലും 50 മൈക്രോണിൽ താഴെയുള്ള അതീവ നാശകരമാണ്. ഇവ ഉപയോഗിച്ചാൽ റീസൈക്കിൾ

ചെയ്ത് ഉപയോഗിക്കാൻ സാധിക്കില്ല. മാത്രമല്ല മറ്റു സാധനങ്ങൾ പോലെ മണ്ണുമായി അലിഞ്ഞു ചേരില്ല. മണ്ണിന്റെ മുകളിൽ കിടക്കുന്നതിനാൽ മഴവെള്ളം ഉള്ളിലേക്ക് പോകില്ല ,മാത്രമല്ല അതുമൂലം മണ്ണൊലിപ്പ് ഉണ്ടാവും. നമ്മുടെ പരിസ്ഥിതിക്കും പ്രകൃതിക്കും തന്നെ നാശം സംഭവിക്കുന്നതാണ് ഇത്.

ചവറുകൾ കുന്നെ കുന്നെ കൂട്ടി അടുത്തുള്ള പൊതു പ്രദേശങ്ങളിൽ എവിടെയെങ്കിലും നിക്ഷേപിക്കുന്നത് ഒരു പതിവ് കാഴ്ചയായി മാറിയിരിക്കുന്നു. ആരോഗ്യപരിപാലനത്തിലും വൃത്തിയിലും എന്നും മുൻപന്തിയിൽ നിന്ന കേരളീയർ ഇന്ന് ഇത്രയും വ്യസനപൂർവമായ സ്ഥിതിയിലേക്ക് വരുന്നത് വളരെ പരിതാപകരമായ ഒരു സ്ഥിതിയാണ് .അവർ വരാൻ പോകുന്ന വിപത്ത് മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല.


ഹരിത സുന്ദരമായ കേരളം, ശ്യാമ കോമളമായ കേരളം എന്നൊക്കെ എന്തൊക്കെ വിശേഷണങ്ങളാണ് നമുക്കുള്ളത്. ദൈവത്തിന്റെ സ്വന്തം നാട് എന്ന് സ്വയം അഭിമാനിക്കുമ്പോഴും മാലിന്യക്കൂമ്പാരം അവസാനിക്കുന്നില്ല. ഈ ഒരു ഖേദകരമായ സ്ഥിതിക്ക് അന്ത്യം ഉണ്ടാവാൻ മലയാളികളായ നാം ഒന്നടങ്കം ശ്രമിക്കണം.





Lovely Verone
HSA (Malayalam)

# പൂച്ചക്കുട്ടി



പൂച്ചക്കുഞ്ഞേ വന്നാട്ടെ
കാച്ചിയ പാലും കുറച്ചു തരാം
കണ്ണുമടച്ചു കുടിക്കില്ലേൽ
ഇനിയും വയറു നിറച്ചു തരാം

എന്തിനു കണ്ണിമ പൂട്ടുന്നു!

പമ്മിയിരുന്ന് കുടിക്കുന്നു?

കുഞ്ഞി കാലുകൾ കൊണ്ടല്ലെ!
നാവുതുടച്ചു രസിക്കുന്നു
കുഞ്ഞിന് കാച്ചിയ പാലാണേ
കുഞ്ഞി പൂച്ചേ നിനക്കു തരാം
കണ്ണു തുറന്നു കുടിച്ചോളൂ
കളിച്ചു ചിരിച്ചു നടന്നോളൂ



Mohammed Ansari
VIII A

# സംസ്ക്കാരത്തിന്റെ അടിത്തറ



**നാടോടിക്കഥകൾ**:- തലമുറകൾ പറഞ്ഞു പഴകിയ കഥകളാണ നാടോടിക്കഥകൾ. ജന്തുക്കളും മനുഷ്യരും ദുർദേവതകളും ഇടകലർന്ന വ്യത്യസ്ത ലോകമാണ് നാടോടിക്കഥകൾക്കുള്ളത്. നീതിബോധവും സദാചാരബോധവും വളർത്താൻ അത് ഉപകരിക്കും.

**പുരാവൃത്തങ്ങൾ**:- സാമാന്യയുക്തിക്കു നിരക്കുന്നവയായിരിക്കില്ല പുരാവൃത്തങ്ങൾ പലതും. പക്ഷെ മാനുഷിക ധർമങ്ങൾ അനുഷ്ഠിക്കുന്ന വ്യത്യസ്ത കഥാപാത്രങ്ങൾ എക്കാലത്തേയും പുരാവൃത്തങ്ങൾക്കുള്ളിൽ ഉണ്ടായിരിക്കും. ഈ കഥാപാത്രങ്ങൾ എക്കാലത്തും നിലനിൽക്കുന്ന ചില ഭാവങ്ങൾ ഉൾക്കൊള്ളുന്നവയും ആയിരിക്കും. മഹാബലിയുടെയും പരശുരാമന്റെയും പെരുന്തച്ചന്റെയും നാറാണത്തുഭ്രാന്തന്റെയുമൊക്കെ കഥകൾ പുരാവൃത്തത്തിന്റെ തലത്തിൽനിൽക്കുന്നവയാണ്.

**ഐതിഹ്യങ്ങൾ**:-ചരിത്രാംശമുള്ള കെട്ടുകഥകളാണ് ഐതിഹ്യങ്ങൾ. പറയിപെറ്റപന്തിരുകുലത്തെക്കുറിച്ചുള്ള കഥ പ്രസിദ്ധമായ ഐതിഹ്യമായി കരുതപ്പെടുന്നു. കൊട്ടാരത്തിൽ ശങ്കുണ്ണി രചിച്ച ഐതിഹ്യ മാല എന്ന കൃതി ഇത്തരം കഥകളുടെ സമാഹാരമാണ്. ഈ കഥകളിലെ കഥാപാത്രങ്ങൾ പലതും മിത്തുകളുടെ കൂട്ടത്തിലും പെടുത്താവുന്നവയുമാണ്.



Nuhman S
IX D

# English Section

# MY TEACHER

Days ,months, years passed
Flowing myself in the stream of education
Met many average and
great teachers all the life.

Met many,but not a single you.
Sees you early,but none inspires more
lessons flow from your heart
so it is easily captured
partiability is impossible for you.
No student feels irritated of you.

Patience is your key- word.
Never heard or seen
negative words or acts.
Smiles for all,not for one.
Praises and scolds when needed.
You are the one , I was looking for

Lucky I am
to have got you as a teacher;
A quiet teacher-who inspire me a lot.



MOHAMMED ANSARI
VIII A

# Plastic Pollution Facts

- Every year the world uses 500 billion plastic bags.
- Every year at least 8 million tonnes of plastic end up in the oceans,the equivalent of a full garbage truck every minute.
- In the last decade, we produced more plastic than in the whole last century.
- 50% of plastic we use is single use/disposable.
- We buy 1 million plastic bottles every minute.
- Plastic makes up 10% of all the waste we generate.





Rivin Varghese
VIII D

# MATHEMATICAL BEAUTY

Rainbows are shaped due to a simple geometrical principle. When the sun shines after a shower, we often see an arc of beautiful colours in that part of the sky opposite to the sun. If the rain has been heavy,the bow may spread all the way across the sky and its two ends seem to rest on earth below. The cause of this interesting phenomenon is the reflection and refraction of the sun's rays as they fall on drops of rain. As a ray passes into a drop of rain, the water acts as a tiny prism. The ray is bent,or refracted as it enters the drop it is further refracted and dispersed. What we see in the heaven is a beautiful natural- spectrum-produced by many drops.





Hendrix Jose
X B

# A friend in need is a friend indeed

Every one of us desires a tree friend who can help us in our dreadful need. Most of the people gather around us in our excellent state of affairs, but own away in appealing circumstance. They value in our excellent times but begin to abuse and humiliate us in our dire days. They are not our anouater, but they are enemies. Hence, we should be every caution while choosing our friends.





Magnal Olivero
VIII A

# A tribute to the memory of the father




The time we had, dad,
Wasn't nearly enough
To pack in an entire
life time of love
there are so many questions
that I need answer to,
But now that you're gone
there's no way to ask you
to remember you by,
Each time I look at them
I still want to cry.
They say grief is easier
to bear as time goes by,
But that doesn't slip me
from wondering why ?
Why my dear sweet dad
was taken so soon,
when he was my guiding star
my sun and my moon
There are no answers
To a question like this
so I'll cherish your memory
and mourn the year will miss



Margaret Babu
( Special English Teacher )

# The Fish


The fish is a beautiful
thing in the water. It has
different colours with
different species. The fish
has streamlined body
these poor fish get
eaten alive by fish
but if we all get
into the ocean
you will be eaten by
the bigger fish





Ren Simon
VIII C

# THE BIBLE AND MATHEMATICS



This article is an attempt to sketch Biblical construction for the foundation of Maths. As we go through the Bible we can see many references to various mathematical concept and problems. There are at least 150 reference to arithmetic and geometry in the Old and New testaments. Here is some of these references.

When we turn the book of Genesis it says. "When Adam was 130 years old he had a son who was like him and his named him Seth. After that, Adam lived another 800 years. He had other children and died at the age of 930. When Seth was 105, he had a son Enosh and they lived another 807 years. He had other children and died at the age of 912"(Genesis 5:3-8)

Among other things , this passage states that
130+800=930,
105+807=912

A subtraction problem is contained in the 6th chapter of 1 kings "The foundation of the temple was laid in the second month, the month of ZIV, in the

fourth year of Solomon’s reign. In the eight month , the month of BUL,in the 11 the year of Solomon’s reign the temple was completely finished exactly as it had been planned. It had taken Solomon 7 years to build it”(1Kings6:37-38).
Here 11-4=7

In the seventh chapter of 1 kings there is a reference to the magnitude of pi л (1 Kings 7:23-26) wherein the diameter and circumference of a circular bath are specified

Diameter of a circle = 2л
circumference of circle = 2лr
2лr/2r = л

Mathematical inequalities are either mentioned or implied in Mathew 12:41-47 and Genesis 18:24-32. There is a reference to ratio is Exodus 30:22-26.Fractions are mentioned in Leviticus 27:27&32, numbers 15:4-10. here we can see fractions such as 1/5, 1/10, 1/4, 1/3, 1/2, 3/10.

Mathematical operation division, concept proportion are mentioned in Number 31:25-31.
In each chapter of the book of numbers there are different illustration for addition of large numbers.


The different axioms of arithmetic can also be seen in the scriptures.The following passage illustrates

the commutative law of addition “a+b=b+a”.

"From now on a family of five will be divided, three against two and two against three" (Luke 12: 52)

The associative law of addition “(a+b)+c =a+(b+c)” is mentioned in 1chronicle 3:24 and Genesis 46: 23-25

The Bible , in using different areas of Maths in various passages indicates that God's authority extends over Mathematics as well as other areas and we can be confident enough that the foundations of all Mathematical truth areas reliable as God's word.






Cecilia Joseph
HSA (Maths)

# We're The World

There comes a times when we hear
 a certain call
When the world must come
together as one
There are people dying
And it's time to lend a hand
 to life
The greatest gift of all
We can't go on pretending day
by day
That someone,Somewhere will
Soon make a change
We all are a part of god's
great big family
And the truth,you know,
Love is all we need.








Anosh Vincent
VIII A

# Some Interesting facts on Nature

- It requires 7 to 8 trees to provide enough oxygen for just one person for year.
- At night you share your bed with up to 10 million dust mites.
- A cockroach can live for up to several weeks without a head.
- A leech has 32 brain.




- Kangaroos cannot walk backward.



- Elephants are the only animal that cannot jump.
- Butterflies taste with their feet.



- There are lots of little mites in your eyebrows.
- Artificial vanilla flavour is created from extract of beavers bums.
- There are more bacteria in your body than there are cells.



- Dolphins will talk to one another over the phone and can even recognize each other's voices.
- Owls are the only birds who can see the colour blue.

- Electric eels are capable of emitting a discharge of 600 volts.
- Man is the only animal that sleeps on its back.
- Goldfish can see both the inferred as well as the ultraviolet rays.



- Without moving his head, duck can't move.
- Only strawberry and cashew are 2 fruits, whose seeds are outside.



- Kiwi birds are blind.
- Only female mosquito bites, male mosquito never bite.
- You can see the rainbow only when your back is facing towards the sun.
- A single bolt of lightning has enough power to toast 100,000 slices of bread.



Mary Soumya
H S A (Biology)

# The turmoil of life



Alone in the turmoil of life
stumbling and groping
through the dark ways
still hoping for the feeble light
still hoping for the warm sunshine
yet knowing there is nothing but oblivion
struggling and pulling along, finding relief
in few kind words and few kind deeds
which fills my heart ,which proves
to be a mighty strength
yet moving forward, again knowing
there is hundred miles more to go
tossing up with the ebbs and
tides of life



Rayan Paul Ranjith
IX A

# Music

'Music is the universal language of mankind' there cannot be a truer statement than the one made by Mr. henry Wadsworth Longfellow. music can  cross barriers and permeate culture. Many studies have indicated its positive effects on the mind body and soul, extolling its therapeutic benefits India is uniquely blessed as a country with distinct musical styles that vary from region to region we are also the land of the guru shishya parampara which provides a prime opportunity for the development of musical education and future artist.

Music education should become an enable for students to play and learn different forms together , it should be made accessible and affordable . Music education should inculcate a deep awareness and understanding of musical diversity among students. This will help in the creation of the body of knowledge that will sensitively represents the many positive effects of musical education and learning .





Lorraine D' Aruja
P S A

# "Our history, Our pride, Our Fort Kochi"

The history speaks by itself, it is the subject which never our school is situated in the heart of a historical heritage town, all the roads, streets ends in a historical important dwellings. Its none other than Fort Kochi, the historical heritage area of Fort Kochi is of immense historical attractions and thus, is a jewel in the crown of Kerala. It has a great tradition of European heritage which perhaps another place may not have this as its own.

## Fort Kochi- Its name, Origin

Fort Kochi was once a fishing village, it was known as 'Kozhazhi' which Malayalam denotes small lagoon. Mattanchery is yet another gem and is the nerve town of old historic Cochin.

Today's Fort Kochi was granted to the Portuguean in 1503 by Raja of Kochi, for helping him in fighting with the forces of Samoothiri of Kozhikode by Afonso De Albuguerque, the Raja gave him permission to built a fort in Fort Emmanuel, the first part of the name Fort Kochi, comes from this fort which destroyed by the Dutch. Its a place of blend of different religions, culture, customs and tradition a variety of people living together in harmony this can only been seen in Fort Kochi and Mattanchery.

History speaks by itself, it will never die, it is only because of the large number of monuments dwellings, streets, grounds, beaches of museums, cemetries which leads to the never ending treasure of a glorious past.

# Information about Fort Kochi

This is a ripple in the sea, the biggest part is yet to come, wait for a Bon Voyage ......come, explore fall in love, with my Fort Kochi

..........to be continued

# 1.St. Francis church Fort Kochi

St. Francis church is also called as Lenthapalli. It was originally built in 1503, one of the oldest European church in India. The Portuguese explorer Vasco-Da-Gama died here in Kochi and was buried in this church, later his body remains were removed to Lisbon. The Portuguese built a church with a wooden structure which was dedicated to St. Bertholmew, later the church was reconstructed in stone and masonary . In 1516 the Franciscan Frairs dedicated the new church to St. Antony, this was the only church which which the Dutch did not demolish, as they destroyed all the other churches. The Anglican community acquired the church and changed the name as St. Francis church. This church remains as a great nostalgia to the native with its christmas carols which is the most splendour of the season.

# 2.Santa Cruz Basilica

Santa Cruz Basilica is the second church after Goa lived by the Portuguese. It is one of 8 Basilicas in Kerala. This is one of the finest heritage edifices of kerala and a big tourist destination which is built in gothic style purely with lime stone and wood. The alter and interior walls and ceilings are adorned with the paintings of famous Italian painter, Antonio Moschini, and his disciple Vasco-Da-Gama. The history of Basilica begins with the arrival of Portuguese missionaries. The foundation stone of the church was laid on 3rd May 1503, the feast day of invention of the

holy cross, hence got the name Santa Cruz. The Dutch who conquered Cochin in1663 destroyed all catholic dwellings, they made the cathedral their armory house. Later it fell into the hands of British who demolished it. Later in 1905 the church completely built in today's structure by Bishop Hatsens-De-Olivero-Xavier, On August 23rd 1984 the cathedral was raised into the status of Basilica.

# 3.The Dutch Cemetery

The Dutch connection of Fort Kochi does not end with the churches alone, near to the St. Francis church there stands the Dutch cemetery consecrated in 1724, which is the oldest in the country. It is built in Dutch architecture of the lime, carries the authentic records of hundreds of people of Dutch and Britain. Many of the tomb are made of granite and red lucrative stone and the inscriptions are in the old Dutch script.

These information are nothing about Fort Kochi, the historical destination, the myth associated stories etc, more get to come again.

The Mughal emperor Jahangir said it all about Kashmir as “If there is a heaven on earth, Its here, Its here, Its here”...I should say about Fort Kochi, something like this...

“If Kerala is the God's own country, Its only because of Fort Kochi, Fort Kochi, Fort Kochi....





Mary Teresa Antony
Social Science Teacher

# The Trip To Kuttanad

Oh Yeah ! Yeah ! Yeah !
Here comes the Brittonian bus laden with goods and food stuff.
From the sands of the queen of the Arabian sea.

To the starving flood victims of Kuttanad.



But hark ! O listen !.
To the cry of nature;
who bore so much torture;
from the hands of cruel man.
Nature proved merciless,

To the selfish human hearts,
who dared to trespass,
against the boundaries laid by the creator.
Oh selfish man!.

You thought you were the victor, when you tore down the garments of green and laid bare the hills and the valleys. Know that your creator reigns!. As with vengeance galore, came with an uproar, blinding lightning and deafening thunder, followed by a heavy downpour. He wrestled with the disobedient man.

Ah! Foolish man.

Where is your glory?

When the creator of the universe clothed in all his majesty,
steps down into your story,
you're nothing but a victim
of your own stupidity.





Maria Margaret Carvalho
( HSA English )

# കൃതാർത്ഥതയോടെ........

സൃഷ്ടിയുടെ ചൈതന്യം പ്രജ്ഞയ്ക്ക് മിഴിവും കരുത്തും നവോന്മേഷവും പ്രദാനം ചെയ്യുന്നു. പ്രപഞ്ചോൽപ്പത്തി മുതൽക്കുതന്നെ ഈ ചൈതന്യം കൊണ്ട് അനുഗ്രഹീതമാണ് ഈ ധര. പ്രപഞ്ചത്തിലെ ചരാചരങ്ങളിലേക്ക് പ്രവഹിക്കുന്ന ഈ ചൈതന്യംഅവർ സ്വായത്തമാക്കി സംതൃപ്തരാവുകയും ചെയ്യുന്നു. അതിന് തെളിവാണ് ഈ എളിയ സംരംഭം.

പിന്നിടുന്ന മാർഗങ്ങളിൽ പ്രതിബന്ധങ്ങളുണ്ട്. കടന്നു വരുന്ന വീഥികളിൽ ആശിസ്സുകൾ ഉയരുന്നുമുണ്ട്. ഏതൊരു സൃഷ്ടിയുടെയും പിന്നിൽ നൊമ്പരവും ആനന്ദവുമുണ്ട്. അതിൽ നിന്നുളവാകുന്ന ചാരിതാർഥ്യവുമുണ്ട്. കൃതാർത്ഥതയുടെ പടവുകൾ കയറുമ്പോൾ താങ്ങിയവരേയും തണലേകിയവരേയും വിസ്മരിച്ചു കൂടാ.

നന്ദി.....നന്ദി....ഒരായിരം നന്ദി

